# CP HIGHER SECONDARY SCHOOL KUTTIKKADU






# LITTLE KITES
# Unit No LK/2018/40045

# സന്ദേശം

സി.പി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. അതോടൊപ്പം ആധുനിക യുഗത്തിൽ സ്വയം പര്യാപ്തമാകാനുള്ള കൊച്ചുകുട്ടുകാരുടെ ശ്രമത്തെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു.

**സ്നേഹപൂർവം,**
രമാദേവി.എം.പി
പ്രിൻസിപ്പാൾ

# സന്ദേശം

സി പി ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ- മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. കൊച്ചു-കൂട്ടുകാരുടെ പരിശ്രമം വിജയത്തിൽ എത്തട്ടെ എന്ന പ്രതീക്ഷയോടെ,

ഉഷാറാണി പി എസ്

ഹെഡ്മിസ്ട്രസ്

# EDITORIAL BOARD

Custodian : Usharani P.S(H.M)
Student editor : Naveen Vijay
Members : Adithyan S
Govindh J
Kailasnadh M
Minna Jasmine G S
Nripan S Jai
Sidharth B S
Sneha Suresh

Kite Master : Santhosh K

Kite Mistress : Rani V

## സന്ദേശം

**പ്രിയമുള്ളവരെ,**

കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തു ന്നതിനായുള്ള വിവിധ പരിപാടികൾ നടന്നു വരുകയാണല്ലോ.ഇതിനോടനുബന്ധിച്ച് രൂപീകൃതമായിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇങ്ങനെ ഒരു മാഗസിൻ തയ്യാറാക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യം ഉണ്ട്.ഇതിന് സഹായിച്ച എല്ലാവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

**സസ്നേഹം,**

നവീൻ വിജയ്

*(സ്റ്റുഡന്റ് എഡിറ്റർ)*

# താളുകളിലൂടെ......

സ്കൂൾ ഒറ്റനോട്ടത്തിൽ........................................................................ 10

പ്രധാന നേട്ടങ്ങൾ........................................................................ 11

2018-19 ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്........................................... 12

2018-19 ലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ..................... 13

എ.പി.ജെ അബ്ദുൾ കലാം............................................................... 14

വിരഹത്തിൻ നൊമ്പരം................................................................... 23

വിൻടൻ ഗ്രെ സെർഫ്....................................................................... 25

മലയാളത്തിലെ പ്രസിദ്ധ നോവലുകൾ............................................ 27

എക്സ് രശ്മി........................................................................................ 31

നീ എന്ന സത്യം................................................................................ 34

പൈതലേ നിനക്കാരുമില്ലേ ഈ ഭൂമിയിൽ...................................... 35

പുഴയായ ഞാൻ................................................................................ 38

പ്രാവും ഉറുമ്പും........................................................................ 40

മുയലിന്റെയും നായയുടെയും ഓട്ടം.................................................... 42

ആഹാരത്തിന്റെ വില ................................................................ 45

ഇന്ത്യൻ സപ്താത്ഭുതങ്ങൾ........................................................... 47

കഥ പറയുന്ന സ്മാരകങ്ങൾ......................................................... 48

ഹരിതം...................................................................................... 59

എന്തായിരുന്നു ഗാന്ധിജി.............................................................. 61

ചക്കരപ്പന്തലിലെ തേൻമഴ.......................................................... 64

നവോത്ഥാന നായകൻമാർ.......................................................... 70

നിസ്സഹരണസമരം..................................................................... 73

ഭക്തിപ്രസ്ഥാനം.......................................................................... 76

മധ്യരേഖ ന്യൂനമർദമേഖല............................................................ 78

മഹാനായ മാക്സ് വെൽ................................................................ 80

ഹൃദയം കീഴടക്കിയ കൃതികൾ.................................................... 83

വസന്തകാലവും ഹേമന്തകാലവും............................................ 85

വേനൽ മഴ............................................................................ 88

നൂതന സമരമാർഗങ്ങൾ......................................................... 89

കാട്ടിലെ റാണി...................................................................... 91

കൊലയാളി തിമിംഗലം......................................................... 93

ചിരിക്കും കഴുതപ്പുലി............................................................ 94

ഏഷ്യൻ ആന........................................................................ 96

സാംസ്കാരിക നവോഥാനം.................................................... 97

മാതൃഭാഷ............................................................................ 99

ധീരതയ്ക്ക് കിട്ടിയ സമ്മാനം..................................................... 101

സി വി രാമനും കടലിന്റെ നിറവും........................................ 105

നന്ദി.................................................................................... 110

# സ്കൂൾ ഒറ്റനോട്ടത്തിൽ

കൊല്ലം ജില്ലയിൽ കടയ്ക്കൽ പഞ്ചായത്തിൽ കുറ്റിക്കാട് ഗ്രാമത്തിൽ എകദേശം 3 ഏക്കർ സ്ഥലത്ത് K dis 26100/76/B1/3/12/1976 എന്ന ഉത്തരവ് പ്രകാരം 1976 ജൂൺ 1 നാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്.ഈ വിദ്യാലയത്തിലെ ആദ്യ ട്രസ്റ്റ് അംഗങ്ങൾ.ശ്രീ. സി. ഗോവിന്ദൻ,വി സുധാകരൻ, ജി. നാരായണപിള്ള, പി. പ്രഭാകരൻ, പി, എൻ. ശിവരാജൻ, പി. ദാമോദരൻപിള്ള, ആർ. സുകുമാരൻ നായർ, ജനാർദ്ദനൻ നായർ കെ, മുല്ലക്കര രത്നാകരൻ(മുൻ കൃഷി മന്ത്രി ), കെ. പി. കരുണാകരൻ, ആർ. ഗോപാലകൃഷ്ണപിള്ള എന്നിവരായിരുന്നു. 1998-ൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു.

## മാനേജ്മെന്റ്

**മാനേജർ**- ശ്രി. കണ്ണംകോട് സുധാകരൻ,

**സെക്രട്ടറി-ശ്രീ.ആർ. ഗോപാലകൃഷ്ണപിള്ള**
(*EX.കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്*)

# പ്രധാന നേട്ടങ്ങൾ

സ്കൂൾ കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും മികച്ച പങ്കാളിത്തം സ്കൂൾ എന്നും ഉറപ്പു വരുത്തുന്നു . സാംസ്ഥാനത്തെ മികച്ച ഗണിതവിദ്യാലയങ്ങളിൽ ഒന്നായി പല തവണ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .എല്ലാ വർഷവും മികച്ച എസ് എസ് എൽ സി വിജയശതമാനം നേടുന്ന സ്കൂൾ . 2018 മാർച്ചിലെ എസ് എസ് എൽ സി പരീക്ഷയിൽ 99.70% വിജയം കരസ്ഥമാക്കി.

# 2018-19 ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



# 2018- 19 ലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ












# എ.പി.ജെ.അബ്ദുൾ കലാം

## ബാല്യവും വിദ്യാഭ്യാസവും




1931 ഒക്ടോബർ പതിനഞ്ചാം തീയതി തമിഴ് നാട്ടിലെ രാമേശ്വരത്ത് ഒരു അഗ്നി നക്ഷത്രം ഉദിച്ചു.ലോകത്തിന്റെ

നെറുകയിൽ സ്വന്തമായൊരിടം കണ്ടെത്താൻ നിയോഗവുമായി ജനിച്ച ആ ശിശുവിൻെറ ശൈശവും ബാല്യവുമൊന്നും അത്ര സമ്പന്നമായിരുന്നില്ല.എന്നിട്ടും ആ ശിശു

വളർന്നത് അസാധാരണമായ മികവിന്റെ പടവുകൾ ചവിട്ടിക്കയറിക്കൊണ്ടായിരുന്നു.അവുൽ പകീർ ജൈനുലാബ്ദീൻ അബ്ദുൾ കലാം എന്ന എപിജെ അബ്ദുൾ കലാംമായിരുന്ന ആ ശിശു.ജീവിത സാഹചര്യങ്ങളാകട്ടെ ശരാശരി ഇന്ത്യൻ കുടുംബത്തിൽ നിന്നും വ്യത്യസ്തവുമായിരുന്നില്ല.

പഴയ മദ്രാസ് പ്രവിശ്യയുടെ ഭാഗമായ പാമ്പൻ ദ്വീപിലെ ഹൈന്ദവ തീർഥാടന നഗരമായ രാമേശ്വരമായിരുന്നു ഇദ്ദേഹത്തിന്റെ ജന്മസ്ഥലം. പിതാവ് ബോട്ടുടമയും സ്ഥലത്തെ മോസ്കിലെ പുരോഹിതനമായിരുന്ന ജൈനുലബ്ദീൻ.മാതാവ് വീട്ടമ്മയായ ആഷിയാമ്മ.കലാം എന്ന ഇസ്ലാമിക പദത്തിന്റെ അർത്ഥം  പ്രസംഗം ,പ്രഭാഷണം എന്നൊക്കെയാണ്.അബ്ദുൾ എന്ന നാമപദതത്തിന്റെ അർത്ഥം കണ്ടെത്താൻ സമാന പദങ്ങളായ അബ്ദുള്ളയും അബ്ദുളും തിരയണം.അബ്ദുള്ളയെന്നാൽ ദൈവത്തിന്റെ

ദാസനെന്നും അബ്ദുൾ എന്നാൽ ദാസൻ എന്നുമാണ് അർത്ഥം.

ഇതിൽ ഏതർത്ഥം സ്വീകരിച്ചാലും എപിജെ അബ്ദുൾ കലാമിനിണങ്ങുമെന്ന് പിൽക്കാല ചരിത്രം തെളിയിച്ചു.സംവാദങ്ങളിലൂടെ ആയിരങ്ങളെ അദ്ദേഹം പ്രഭാഷണ കലയുടെ ആഴങ്ങളായിരുന്നു കണ്ടത്.അതുപോലെ സർവ മതസമഭാവനയിലൂന്നിയ ഈശ്വരനെന്ന സങ്കൽപത്തിലൂടെ ദൈവദാസനുമായി.

നാലു സഹോദരന്മാർക്കും ഒരു സഹോദരിക്കും താഴെ ഏറ്റവുമിളയയാൾ അബ്ദുൾ കലാമായിരുന്നു.മുഹമ്മദ് മുത്തുമീരാ ലെബ്ബായ് മരൈക്കാർ മുസ്തഫ കമാൽ ,കാസിം മുഹമ്മദ് എന്നിവരായിരുന്നു കലാമിന്റെ സഹോദരന്മാർ. ആസിം സുഹ്റ സഹോദരിയും .മൂത്തസഹോദരൻ മുത്തുമീര മരയ്ക്കാരുടെ പേരിനൊപ്പമുള്ള മരയ്ക്കാർ എന്നത് നാട്ടുകാർ ഇവർക്കു സ്നേഹപൂർവം നൽകിയ വിളിപ്പേരിന്റെ ഭാഗമായിരുന്നു.രാമേശ്വരത്തു നിന്ന്

ധനുഷ്കോടിയിലേക്ക് ബോട്ട് സർവീസ് നടത്തിയിരുന്നതിനാൽ രണ്ടുതലമുറ മുമ്പ് മുതൽ തന്നെ നാട്ടുകാർ ഇവരെ മരീക്കാർ എന്ന സ്നേഹപൂർവ്വം വിളിച്ചുപോന്നു.

വളരെ സുഭിക്ഷമായ ജീവിതസാഹചര്യങ്ങളായിരുന്നു രണ്ടു തലമുറ മുമ്പു വരെ ഇദ്ദേഹത്തിന്റെ കുടുബത്തിലുണ്ടായിരുന്നത്.എന്നാൽ കലാമിന്റെ കാലമെത്തിയതോടെ സാമ്പത്തിക സ്ഥിതി തീരെ ക്ഷയിച്ചിരുന്നു.1914-ൽ പാമ്പൻ പാലം ഗതാഗതത്തിനു തുറന്നുകൊടുത്തതോടെയാണ് ഇവരുടെ കുടുംബത്തിന്റെ ചക്രം തിരിച്ചുകയറാൻ തുടങ്ങിയത്.രാമേശ്വരത്തു നിന്ന് ധനുഷ്കോടിയിലേക്ക് തീർത്ഥാടകരുമായി സർവീസ് നടത്തുന്ന ബോട്ടിന്റെ ഉടമയായിരുന്നു ഇദ്ദേഹത്തിന്റെ മുത്തശ്ശൻ.അച്ഛന്റെ കാലമെത്തിയപ്പോഴും ബോട്ട് സർവീസുണ്ടായിരുന്നു.എന്നാൽ മുൻ കാലങ്ങളിലെ പോലെ ആദായകകരമല്ലായിരുന്നു എന്നുമാത്രം

ബോട്ട് സർവീസിനു പുറമേ പലവ്യഞ്ജനസാധനങ്ങളുടെ വിപണിയും ഇവരുടെ

കുടുംബത്തിനു മുൻതൂക്കമുള്ളതായിരുന്നു.രാമേശ്വരത്തിന്റെ ദ്വീപസ്വഭാവമായിരുന്നു ഈ കച്ചവടത്തിനുവേണ്ട അവസരമൊരുക്കിയത്.പാമ്പൻപാലം വന്നതോടെ ബോട്ട് സർവീസിനൊപ്പം പലവ്യഞ്ജന കച്ചവടവും നിലച്ചിചുവെന്നു പറയാം.ഫലമോ ഇവരുടെ കുടുംബം സാമ്പത്തികമായി തകരുന്ന നിലയിലായിരുന്നു.ഇവയോടു പൊരുതിയായിരുന്നു കലാമിന്റെ വിദ്യാഭ്യാസവും ബാല്യവുമെല്ലാം.എങ്കിലും പഠനത്തിനു മാത്രം കുറവൊന്നും വരുത്താൻ മാതാപിതാക്കൾ തയ്യാറായില്ല.

രാമേശ്വരത്തെ എലിമെന്റെറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ കൊച്ചു കലാം ഹൈസ്കൂൾ പഠനത്തിനായി ജില്ലാ തലസ്ഥാനമായ രാമനാഥപുരത്തുള്ള ഷ്വാഴ്സ്ഹൈസ്കൂളിൽ ചേർന്നു.അതിനു ശേഷം മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ട്രിച്ചി സെന്റ് ജോസഫ് കോളേജിൽ 1950-ൽ ചേരുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 1954-ൽ

ഫിസിക്സിൽ ബിരുദം സമ്പാദിക്കുകയും ചെയ്തു.തുടർന്ന മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേർന്ന് എയ്റോസ്പേസ് എൻജിനിയറിങ്ങിലും ബിരുദം കരസ്ഥമാക്കി.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തങ്ങളുടെ പൂർവികർ നിർമ്മിച്ച വീട്ടിലായിരുന്നു കലാമും അദ്ദേഹത്തിന്റെ കുടുംബവും ഈ സമയമെല്ലാം താമസിച്ചിരുന്നത്.ഗതകാല പ്രൗഢിയുടെ ഓർമ്മകൾ പേറുന്ന സുന്ദരമായ കെട്ടിടമായിരുന്നു അത്.മാതൃകാ ദമ്പതിമാരായിരുന്ന കലാമിന്റെ മാതാപിതാക്കൾ സാമ്പത്തിക പരിമിതിയോടു  പൊരുത്ത പ്പെട്ട് അനാവശ്യസൗകര്യങ്ങളും ആഡംബരങ്ങളും ഒഴിവാക്കിയായിരുന്നു ജീവിച്ചിരുന്നത്.സാമ്പത്തിക പരിമിതിയുടെ ഭാരം കുട്ടികളിലേക്ക് പകരുന്നതിന് ഇവർ അനുവധിച്ചിരുന്നെങ്കിലും കുട്ടികൾ വളർന്നു വന്നത് ലളിത ജീവിതത്തിൻെറ സന്ദേശം ഉൾക്കൊണ്ടു തന്നെയാണ്.

രാമേശ്വരത്തു നിന്നും ധനുഷ്ക്കോടി അഥവാ സേതുക്കരയിലേക്കും തിരിച്ചും ബോട്ടിൽ

സഞ്ചരിക്കുന്ന തീർത്ഥാടകരുടെ എണ്ണം കുറഞ്ഞിരുന്നെങ്കിൽ പോലും വീട്ടുകാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള വരുമനം അതിൽ നിന്നും ലഭിക്കുമായിരുന്നു.സൂര്യോദയത്തിനു മുമ്പു തന്നെ പ്രാർഥനയോടുകൂടി ഒരു ദിവസം ആരംഭിക്കുന്ന പിതാവിനെയായിരുന്നു കലാമും സഹോദരങ്ങളും കണ്ടിരുന്നത്.അതിനു ശേഷം അദ്ദേഹം സ്വന്തം കൃഷിയിടത്തിലേക്ക് പോകുമായിരുന്നത് .നാലുമൈലുകൾക്കപ്പുറമായിരുന്നു കൃഷിയിടം. പ്രധാനകൃഷി തെങ്ങ്.ഇതിനുപുറമേ രണ്ടു ചെറിയ പലവ്യജ്നകടകളും  ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇവയിൽനിന്നും ചെറുതെങ്കിലും സ്ഥിരമായവരുമാനം ലഭിക്കുമായിരുന്നു.എന്തു തന്നെയായാലും സംതൃപ്തമായിട്ടായിരുന്നു ആ മാതൃകാ കുടുംബം കഴിഞ്ഞു വന്നിരുന്നത്.

പിതാവിനൊപ്പം കടകളിൽ സഹായിയായി നിൽക്കുന്നതും ബന്ധുവായ ഷംസുദ്ദീന്റെ പത്രവിതരണത്തിൽ സഹായിക്കുന്നതുമെല്ലാമായിരുന്നു കലാമിന്റെ

ഒഴിവു സമയ പ്രവർത്തനങ്ങൾ.സ്ഥലത്തെ മസ്ജിദിൽ ഇമാമായിരുന്ന പിതാവും രാമസ്വാമി ക്ഷേത്രത്തിലെ പുരോഹിത ശ്രേഷ്ഠനായ പാക്ഷി ലക്ഷ്മണ ശാസ്ത്രിയും ക്രൈസ്തവദേവാലയത്തിലെ പുരോഹിതനും ഒത്തു ചേർന്നിരുന്ന് പല സായാഹ്നങ്ങളിലും ദേശീയവും പ്രാദേശികവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് കണ്ടാണ് കലാംവളരുന്നത്.സർവമത സമഭാവനയുടെ സന്ദേശങ്ങളാണ് ഇതിലൂടെ കലാമിനു സിദ്ധിച്ച്ചു പോന്നത്.

പറയത്തക്ക ഔപചാരിക വിദ്യാഭ്യാസമൊന്നും കലാമിന്റെ പിതാവിനുണ്ടായിരുന്നില്ല.എങ്കിലും അദ്ദേഹം ജ്ഞാനിയായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും സർവ്വോപരി പ്രാർത്ഥന

സഹായങ്ങൾക്ക് വേണ്ടീ വിവിധ മതസ്ഥരായവർ അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. കൂടാതെ ഒരു ദീർഘദർശി കൂടിയായിരുന്നു തന്റെ പിതാവ് എന്ന് കലാം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ദേശം വിട്ട് ദൂരെ സ്ഥലത്തേക്കു പോകേണ്ടി വന്നപ്പോൾ സർവ്വശക്തനായ ദൈവം തന്നെ

അനുഗ്രഹിക്കട്ടെയെന്ന് പറഞ്ഞ പിതാവ് രാമേശ്വരത്ത്കാർക്ക് സ്വപ്നത്തിൽപോലും കാണാനാവാത്ത നാളെയുടെ ഭവനത്തിലായിരിക്കും തന്റെ മകൻ വസിക്കുക എന്നു കൂടി കൂട്ടി ചേർത്തതായി അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. ഒരു ജില്ലയുടെ ഭരണകർത്താവായ കളക്ടറായി തന്റെ മകൻ മാറുമെന്നായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം.കലാം ഭരണകർത്താവ് തന്നെയായി മാറി.. എന്നാൽ ജില്ലയുടെ അല്ലായിരുന്നു എന്നു മാത്രം. ഒരു രാജ്യത്തിന്റെ തന്നെ തലവനായിത്തീരാനായിരുന്നു ദീർഘദർശിയായ ആ പിതാവിന്റെ മകന്റെ നിയോഗം.

# വിരഹത്തിൻ നൊമ്പരം



സമീന 9 D



വിജനമാം വീഥിയിൽ
വിരഹത്തിൻ കനലുമായ്
വിരഹിണിയായി ഞാൻ
തനിച്ചു നിന്നു.
തെളിയുന്ന ഓർമ്മയിൽ
ഇരുളുന്ന മനസ്സുമായ്
വെറുതേ ഞാൻ നിൻ-
മുഖം ഓർത്തിരുന്നു.
ഓർമ്മതൻ കയ്പ്പുനീർ
ഉള്ളിൽ നുരയുമ്പോൾ
ഓർത്തുപോകുന്നു ഞാൻ
എൻ പ്രണയകാലം.
കൈവിട്ടു നീ എന്നെ
ആ പ്രണയത്തിൻ
പാതയിൽ

ഒരു വാക്കു മൊഴിയാതെ
നടന്നകന്നു.
ഇരുളാർന്ന എൻ പ്രണയത്തിൽ
ഒരു തിരി നാളമായ് എന്നേക്കുമിനി
എന്നരികിലെത്തും?




# വിൻടൺ ഗ്രെ സെർഫ്



ഗോവിന്ദ് 9 D

വിൻടൺ ഗ്രെ സെർഫ് ഒരു അമേരിക്കകാരനാണ്. ഇൻറർനെറ്റിൻെറ പിതാവ് എന്നറിയപ്പെടുന്നു. ഈ ശീർഷകം കോ - ഇൻവെസ്റ്റർ ബേബ് ഖാനുമായി പങ്കുവയ്ക്കുന്നു.അദ്ദേഹത്തിന്റെ സംഭാവനകൾ ഉൾപ്പെടുന്ന ഓണററി ഡിഗ്രീ അവാർഡുകൾ തുടർച്ചയായി ഏറ്റുവാങ്ങി പ്രശസ്തനായി.ടെക് നോളജി നാഷണൽ മെഡൽ, ടൂറിങ്ങ് അവാർഡ്,പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം, മാർക്കോണി സമ്മാനം എന്നിവയും ലഭിച്ചു.ആദ്യ കാലങ്ങളിൽ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി യുണൈറ്റഡ് ഗ്രൂപ്പിന്റെ പ്രതിരോധ ഗവേഷണ പ്രോജക്റ്റ് ഏജൻസിക്ക് ധനസഹായം നൽകിയിരുന്നു.1980



കാലഘട്ടത്തിൽ ഇന്റർനെറ്റ് ഒരു വാണിജ്യ മേഖലയായി മാറിതുടങ്ങിയപ്പോൾ തന്റെ ആദ്യ വാണിജ്യ ഇ – മെയിൽ സിസ്റ്റം ആരംഭിച്ചു.2012 മെയിൽ  Assosiation of computing machines ന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.
ഇന്റെർനെറ്റിനെ ലോകത്തിന് മാനവിക മൂല്യം നൽകാൻ സഹായിക്കുന്ന നിരവധി ഓർഗനൈകസേഷനകളിൽ സിർഫ് സജീവമാണ്.ഡിജിറ്റൽ വിഭജനം,ലിംഗ വ്യത്യാസം,തൊഴിലുകളുടെ മാറുന്ന സ്വഭാവം എന്നിവ ഉൾപ്പെടെയുള്ള ആഗോളപ്രശ്നങ്ങളോടുള്ള പുതിയ സമീപനങ്ങളിലൂടെ പരീക്ഷിക്കുന്ന നൂതനപദ്ധതികളെ അദ്ദേഹം പിന്തുണയ്ക്കുന്നു.


# മലാളത്തിലെ പ്രസിദ്ധ നോവലുകൾ



സ്നേഹ 9 D

## ആരാച്ചാർ – കെ.ആർ.മീര


കെ.ആർ.മീര എഴുതിയ ഒരു മലയാളം നോവലാണ് ആരാച്ചാർ. മാധ്യമം ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച ഈ നോവൽ ഡി.സി ബുക്സാണ് പുസ്തകരൂപത്തതിൽ പ്രസാധനം ചെയ്തിരിക്കുന്നത്.




കൊൽക്കത്തയുടെ പശ്ചാത്തലത്തിൽ ഒരു പെൺ ആരാച്ചാരുടെ കഥ പറയുകയാണ് ഈ നോവൽ.സമകാല ഇന്ത്യയുടെ രാഷ്ട്രവ്യവഹാരത്തിന്റെ സൂക്ഷ്മമായ ചില

തലങ്ങളെ ചെന്നുതൊടുന്നതും ഇന്ത്യാചരിത്രത്തിന്റെ സംഘർഷങ്ങളെ മുഴുവൻ ഒരു പെൺകുട്ടിയുടെ ജീവിതത്തിന്റെ യുദ്ധരംഗത്തേക്ക് കൊണ്ടുവന്ന് സംഭ്രമിപ്പിക്കുന്നതുമായ ഒരു രചനാതന്ത്രം ഈ നോവലിൽ കെ.ആർ മീര സ്വീകരിച്ചിട്ടുണ്ടെന്ന് നിരൂപകനായ ടി.ടി ശ്രീകുമാർ സമർത്ഥിക്കുന്നു.ഈ അർഥത്തിൽ ഒരു പാൻ ഇന്ത്യൻ നോവൽ അർഹിക്കുന്നുണ്ടെന്നും ശ്രീകുമാർ പറയുന്നു.

## രണ്ടാമൂഴം – എം.ടി.വാസുദേവൻ നായർ





എം.ടി.വാസുദേവൻ രചിച്ച മലയാളത്തിലെ പ്രശസ്തമായ നോവലാണ് രണ്ടാമൂഴം.മഹാഭാരത കഥ ആസ്പദമാക്കി രചിച്ച ഈ നോവലിൽ ഭീമനാണ് കേന്ദ്രകഥാപാത്രം .അഞ്ചുമക്കളിൽ ഭീമന്

എപ്പോഴും അർജ്ജുനനോ യുധിഷ്ഠിരനോ കഴിഞ്ഞ് രണ്ടാമൂഴമേ ലഭിക്കുകയുള്ളു.പാഞ്ചാലിയുടെ കാര്യത്തിലും ഇത് തുടരുന്നു.ഇതാണ് പേരിനു പിന്നിൽ.1985 ലെ വയലാർ അവാർഡ് നേടിയ നോവലാണ് രണ്ടാമൂഴം.

## ഖസാക്കിന്റെ ഇതിഹാസം – ഒ.വി.വിജയൻ

ഒ.വി.വിജയൻ എന്ന മലയാള സാഹിത്യകാരന്റെ മാസ്റ്റർപീസ് നോവലാണ് ഖസാക്കിന്റെ ഇതിഹാസം.മലയാള നോവൽ സാഹിത്യ ചരിത്രത്തെ ഖസാക്ക് കാലഘട്ടമെന്നും ഖസാക്ക് അനന്തര കാലഘട്ടമമെന്നും നെടുക്കെ പകുത കൃതിയെന്നും ഈ നോവൽ വിശേഷിക്കപ്പെടുന്നു. ഒ.വി.വിജയന്റെ ആദ്യത്തെ നോവലായ ഖസാക്കിന്റെ



ഇതിഹാസം അതിന്റെ ഭാഷാപരമായും
പ്രമേയപരമായ ഔന്നിത്യം കൊണ്ടും
മലയാളത്തിൽ ഇന്നേവരെ
പ്രസിദ്ധികരിക്കപ്പെട്ടിട്ടുള്ളതിനേക്കാളും ഏറ്റവും
ശ്രേഷ്ഠമായ കൃതികളിൽ
ഒന്നായിപരിഗണിക്കപ്പെടുന്നു.

# എക്സ് രശ്മി



ജീവനുള്ള ശരീരം കീറിമുറിയ്ക്കാതെ തന്നെ അതിന്റെ ഉൾഭാഗം കാണാൻ ഭാഗ്യമുണ്ടാക്കിയത് റോൺജൻ എന്ന ജർമ്മൻ ശാസ്ത്രജ്ഞനാണ് .വെറും യാദൃശ്ചിക സംഭവമായിരുന്ന അത്.വാതകം നിറച്ച കുഴലിലൂടെ വൈദ്യുതി കടത്തി വിട്ടാൽ എന്ത് സംഭവിക്കുമെന്ന് പരിശോധിക്കുകയായിരുന്ന അദ്ദേഹം.ബേരിയം പ്ലാറ്റിനോ സയനൈഡ് പൂശിയ ഒരു സ്ക്രീൻ അടുത്തുണ്ടായിരുന്നു.സ്ക്രീനിന്റെയും കുഴലിന്റെയും ഇടയ്ക്ക് തന്റെ കൈ കൊണ്ടുചെന്നപ്പോൾ കൈയുടെ നിഴൽ സ്ക്രീനിൽ പതിഞ്ഞു കണ്ടു.വെറും നിഴലല്ല, കൈക്കുള്ളിലെ എല്ലുകൾ തെളിഞ്ഞു കാണാവുന്ന നിഴൽ.മാംസത്തിന് എന്തെങ്കിലും സംഭവിച്ചാലോ എന്ന ഭയന്ന് അദ്ദേഹം കൈ പിൻവലിച്ചു.ഒന്നും സംഭവിച്ചില്ല എന്ന് ഉറപ്പുവരുത്തിയ ശേഷം

വീണ്ടും കൈ പഴയ സ്ഥാനത്ത് വച്ചുനോക്കി.നിഴൽ പഴയതുപോലെ തന്നെ പ്രത്യക്ഷപ്പെട്ടു.മാംസത്തിന്റെ അവ്യക്തമായ നിഴലും എല്ലിന്റെ വ്യക്തമായ നിഴലുമാണ് കണ്ടത്.ഇത് ഒരുതരം രശ്മിയുടെ പണിയാണെന്ന് അദ്ദേഹം അനുമാനിച്ചു.ഈ രശ്മി മാംസം പോലുള്ള വസ്തുവിൽക്കൂടി  കടന്നുപോകുമ്പോൾ എല്ലിൽകൂടികടന്നുപോകുകയില്ല. അറിഞ്ഞു കൂടാത്തതിനെ X എന്നുസങ്കൽപ്പിക്കുകയാണല്ലോ പതിവ്. അതുകൊണ്ട് ഈ രശ്മിക്ക് എക്സ് രശ്മി എന്നു പേരിട്ടു.



ഫോട്ടോഗ്രാഫർ കൂടിയായിരുന്ന റോൺജൻ

സ്ക്രീനിൻറെ സ്ഥാനത്ത് ഫോട്ടോഗ്രാഫി പ്ലേറ്റ് വച്ച് തൻറെ ഭാര്യയുടെ കൈയ്യുടെ പടം എടുത്തു. കൈയ്യുടെ ആന്തരികഘടന വ്യക്തമായി കാണിക്കുന്ന ഒരു ഫോട്ടോ അദ്ദേഹത്തിന് കിട്ടി. വിരലിൽ സ്വർണ്ണമോതിരം കിടക്കുന്ന ഭാഗം മാത്രം തടസ്സപ്പെട്ടിരുന്നു.

ഈ കണ്ടുപിടിത്തം

വൈദ്യശാസ്ത്രത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. ഒടിഞ്ഞ അസ്ഥികൾ കാണാതെ പുറമെ തപ്പിനോക്കി വച്ചുകെട്ടിയിരുന്ന വൈദ്യൻമാരുടെ കാലം ഇതോടെ അസ്തമിച്ചു. ഇതുവഴി റോൺജൻ പ്രസിദ്ധനായി. ഈ രശ്മിക്ക് റോൺജൻ രശ്മി എന്നുകൂടി പേരുണ്ടായി. 1895 ൽ യാദൃശ്ചികമായി കണ്ടുപിടിച്ച ഈ രശ്മി 1901 ൽ ഊർജ്ജതന്ത്രത്തിനുള്ള ആദ്യത്തെ നോബൽസമ്മാനം അദ്ദേഹത്തിന് നേടിക്കൊടുത്തു.

# നീ എന്ന സത്യം

ഓർക്കാത്തിരിക്കുവാനാവില്ലെനിക്കു നിൻ
ഓർമ്മകൾ എന്നിൽ നിറഞ്ഞിടുമ്പോൾ...
കാണാതിരിക്കുവാനാവില്ലെനിക്കു നിൻ
കാഴ്ചകൾ എന്നെ പുണർന്നിടുമ്പോൾ...
കേൾക്കാതിരിക്കുവാനാകില്ലെനിക്കു നിൻ
കേൾവിതൻ നാദം മുഴങ്ങിടുമ്പോൾ...
ഒരിക്കലും, അറിയാതിരിക്കുവാനാകില്ലെനിക്കു നീ
ആത്മാവിലെന്നെ തളച്ചിടുമ്പോൾ...
നീ എന്ന സത്യവും ഞാനെന്ന മിഥ്യയും
വേർപിരിഞ്ഞാലീ പ്രപഞ്ചമുണ്ടോ?



# പൈതലേ നിനക്കാരുമില്ലേ ഈ ഭൂമിയിൽ



ആരുനീ ആരുനീ
ആരോമലേ നീ
ആർക്കുവേണ്ടി ആ ഭ്രമിയിൽ
കഴിച്ചുകൂട്ടിയ ദിവസങ്ങൾ നീ
അച്ഛനമ്മമാരാരെന്നറിയാതെ
രക്തബന്ധങ്ങളെ അറിയാതെ
ജീവിച്ചീടിന്നു ഈ ഭ്രമിയിൽ

നീ അറിയുന്നില്ലയോ നിൻ
അച്ഛനമ്മയെ...
നീ അറിയുന്നില്ലയോ നിൻ
സഹോദരങ്ങളേ...
നീ അറിയാതെ ജീവിച്ചീടുന്ന
ഈ വേളയിൽ ജനിപ്പിച്ചതാരെന്നറിയാതെ
വേദനിച്ച നിൻ മനസ്സ്
അതിലെ നിൻ നൊമ്പരങ്ങൾ
കുഞ്ഞുപൈതലേ നിൻ വേദനയറിയാൻ
ആരുമില്ലേ ഈ ഭൂമിയിൽ
നിന്റെ കാലൊന്നിടറിയാൽ  താങ്ങിനിർത്താൻ
ഈ ഭൂമിയിൽ ആരുമില്ലേ
അതിരാവിലെ നിന്നെ തഴുകിയുണർത്താൻ
നിൻ അമ്മയില്ലേ ഈ ഭൂമിയിൽ
നിന്റെ വേദനയറിയാൻ അമ്മയില്ലേ
ഈ ഭൂമിയിൽ?
നിന്നെ മുലപ്പാലൂട്ടിടാൻ
നിന്നമ്മയില്ലേ ഈ ഭൂമിയിൽ
നിന്നെ മാറോടുചേർത്തിടാൻ
നിൻ അച്ഛനില്ലേ ഈ ഭൂമിയിൽ
നീമിഴി പൂട്ടിടുമ്പോൾ അരികത്തിരുന്ന്

തലോടിടാൻ നിൻ അമ്മയില്ലേ?
അച്ഛനാരെന്നറിയാതെ...
അമ്മയാരെന്നറിയാതെ...
ജീവിച്ചിടുന്നോ പൈതലേ...
ജീവിച്ചിടുന്നുവോ നീ പൈതലേ....

# പുഴയായ ഞാൻ

**സൂര്യപുത്രി 8 D**

കളകളാരവം മുഴക്കി, പാദസരം കിലുക്കി
നീലിമയോടൊഴുകിയിരുന്നവളാം ഞാൻ
കാർമേഘത്തിന്റെ കാമിനി ഞാൻ
അവനുടെ വർഷകണങ്ങൾ
തീർക്കുമെന്നുള്ളിലാനന്ദം
കുളിരണിയിക്കുന്നയെൻ സ്പർശനത്താൽ
ആനന്ദഹർഷപുളകിതയായിടുന്നു പ്രകൃതി.
മത്സ്യങ്ങൾ, മുതലകൾ, തവളകളിങ്ങനെ -
യെത്രയോ പേരുടെ അമ്മയാകുന്നു ഞാൻ.
തൊണ്ടയിടറുമ്പോൾ ആശ്വാസമായ ഞാൻ
ക്ഷീണമകറ്റിടും ദേവിയാകുന്നു ഞാൻ
പൊട്ടിച്ചിരിയോടുകൂടി ലോകത്തെ ഉണർത്തീടുന്നു
ഞാൻ.

കാലം മാറി, മനുഷ്യൻ മാറി ഇന്നെൻ
പൊട്ടിച്ചിരി ദീനതേദനമായ് മാറി.
നീലിമയേറിയിരുന്ന യുവതിയായിരുന്ന ഞാൻ

പടുവൃദ്ധയായി, കുപ്പത്തൊട്ടിയായി.
എന്നൊഴുക്കിൻ താളം നിലച്ച്,
ഭൂമിയുടെ രക്തക്കുഴലെന്ന പോൽ -
വെറുമൊരു നീർച്ചാൽ മാത്രമായി ഞാൻ !
മലിനയായി ഞാൻ, വെറുമൊരഴുക്കുചാൽ
ദുർഗന്ധം കാരണമാരുമടുപ്പിക്കാ -
ഭീകരസത്വം പോലെയായി ഞാൻ.
ഭൂമിതൻ  നീലച്ചേലയായിരുന്നെന്നെ
കീറിയെറിഞ്ഞതെന്തിനേ മാനവാ ?
നിന്നമ്മയായിരുന്ന, ജീവൻ തൻ -
തുടിപ്പായിരുന്ന നിൻ ദുഃഖങ്ങളിൽ
പങ്കുചേർന്നിരുന്ന, നിന്നെല്ലാമാരിരുന്നെ -
ന്നോടിതെന്തിനു ചെയ്തു നീ മാനവാ ?
എന്നൊഴുക്കിൻ താളം നിലച്ചാൽ നിൻ ജീവനിൻ
തുടിപ്പും നിലയ്ക്കും.
പുഴയായിരുന്ന ഞാൻ, പുഴയായ ഞാൻ
പുഴയായിരിക്കുമോ, പുഴുവായിരിക്കുമോ നാളെ ?
ചൊല്ലു നീ മാനവാ.....



# പ്രാവും ഉറുമ്പും



**ധനുഷ് 9 D**

കാട്ടിലെ മരക്കൊമ്പിൽ ഇരുന്ന് ഒരു പ്രാവ് കാഴ്ചകൾ കണ്ട് രസിക്കുകയായിരുന്നു.ചുറ്റും പച്ചമരങ്ങൾ.അവയിലെല്ലാം നിറയെ പൂക്കൾ.അഴകുള്ള ശലഭങ്ങൾ തേൻ കുടിക്കാൻ എങ്ങും പറന്നുനടക്കുന്നു.എത്ര രസമുള്ള കാഴ്ച. പക്ഷേ ഈ സമയത്തൊരു വേടൻ മരച്ചുവട്ടിൽ വന്നെത്തിയത് പ്രാവ് കണ്ടില്ല.വേടൻ വില്ലുകുലച്ച് പ്രാവിന്റെ നേർക്ക് അമ്പെയ്യാൻ ഒരുങ്ങി.മണ്ണിൽ ഓടിനടന്നിരുന്ന ഒരു ഉറുമ്പ് ഇത് കണ്ടു.അമ്പ് മെയ്യിൽ തെറിച്ചാൽ പ്രാവിന്റെ ജീവൻ പോകുമല്ലോ എന്നോർത്ത് ഉറുമ്പ് സങ്കടപ്പെട്ടു.വേടൻ



ലാക്കുനോക്കി വില്ലിൽ അമ്പ് തൊടുത്തു.പക്ഷേ അമ്പ്  മറ്റെങ്ങോട്ടോ പാഞ്ഞുപോയി.ഉറുമ്പ് കൃത്യസമയത്ത് വേടന്റെ കാലിൽ കടിച്ചതായിരുന്നു കാരണം.പറന്നു പോകും വഴി പ്രാവ് ഈ രംഗം കണ്ടു.തന്റെ ജീവൻ രക്ഷിച്ചഉറുമ്പിനോട് അതിന് വളരെ നന്ദിതോന്നി.

മറ്റൊരിക്കൽ ആ പ്രാവ് ആറ്റു തീരത്തെ ഒരു മരത്തിന്റെ കൊമ്പിൽ ഇരിക്കുകയായിരുന്നു.താഴോട്ട് നോക്കിയപ്പോൾ വെള്ളത്തിൽ ചെറിയ അനക്കം കണ്ടു.തന്നെ രക്ഷിച്ച ഉറുമ്പ് ചാകാൻ തുടങ്ങുകയാണെന്ന് പ്രാവിന് മനസ്സിലായി.അത് ഒരു പച്ചില കൊത്തി അടർത്തി വേഗം വെള്ളത്തിലേയ്ക്കിട്ടു.ഇല ഉറുമ്പിന്റെ അരികിൽ തന്നെ വീണു. ആ ജീവി അതിന്മേൽ നീന്തി കയറി.കാറ്റടിച്ചപ്പോൾ ഇല കരയിലേക്ക് ഒഴുകി എത്തി.ഉറുമ്പ് അങ്ങനെ രക്ഷപ്പെട്ടു.പഴയ പ്രാവാണ് തനിക്ക് ഉപകരിച്ചതെന്ന് ഉറുമ്പിന് മനസ്സിലായി. അന്നു മുതൽ അവർ കൂട്ടുകാരായി.



# മുയലിന്റെയും നായയുടെയും ഓട്ടം



കാട്ടിൽ നിന്നൊരു മുയൽ പുറത്തുവന്നു.അപ്പോൾ ഇരതേടി നടന്നിരുന്ന ഒരു നായ മുയലിനെ കണ്ടു.അതിനെ പിടികൂടിയാൽ ഒരു നേരത്തെ ആഹാരത്തിന് വകയായല്ലോ എന്ന കരുതി നായ അതിനെ ഓടിച്ചിട്ട് പിടിക്കുവാൻ നോക്കി.

**നവീൻ 9 D**



മുയൽ അതിവേഗത്തിൽ ഓടി.മുയലിന്റെ ഓട്ടത്തിന്റെ വേഗതയെ ജയിക്കാൻ നായക്കു കഴിഞ്ഞില്ല.കുറച്ചുനേരം ഓടിയ ശേഷം ഓട്ടം മതിയാക്കി നായ മടങ്ങിപ്പോന്നു.
നായയുടെ ഓട്ടവും തിരിച്ചു വരവും ഒരു ആട്ടിടയൻ

ഇരുന്ന് വീക്ഷിയ്ക്കുന്നുണ്ടായിരുന്നു.വെറു കൈയ്യോടെ മടങ്ങി വന്ന നായയെ കണ്ട് ആട്ടിടയൻ പരിഹാസത്തോടെ ചോദിച്ചു :

' നിനക്ക് ഇത്രയേറെ മിടുക്കുണ്ടായിട്ട് നീ ആ മുയലിനെ പിടിക്കാതെ തിരിച്ചു വന്നില്ലേ? നിന്റെ നാലിലൊന്നു പോലും വലിപ്പം ഇല്ലാത്ത ആ ജീവിയോട് നീ തോറ്റു പോയില്ലേ .ഓ നാണക്കേടു തന്നെ!.'

അപ്പോൾ നായ പറഞ്ഞു :'നാണക്കേടോ? ഇതിലെന്താണ് നാണക്കേട്? ഞാനോടിത് ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടിയാണ്.അത് എനിക്ക് എങ്ങനെയെങ്കിലും കിട്ടും.പക്ഷേ ആ മുയലുണ്ടല്ലോ അവനോടിയത് അവന്റെ ജീവൻ രക്ഷിക്കുവാൻ വേണ്ടിയാണ്.അവന് അവന്റെ ജീവൻ നഷ്ടപ്പെട്ടാൽ മറ്റൊന്നു കിട്ടുക സാധ്യമല്ലല്ലോ.അതുകൊണ്ട് മുയൽ ഓടുന്ന ഓട്ടത്തിനും ഞാൻ ഓടുന്ന ഓട്ടത്തിനും വ്യത്യാസമുണ്ട്.'

ആട്ടിടയൻ ബുദ്ധിയുള്ള ആ നായയുടെ മറുപടി ശരിയെന്ന് സമ്മതിച്ചു.

**ഗുണപാഠം :**" പ്രാണരക്ഷയ്ക്കുള്ള ഓട്ടത്തിനോളം ശക്തി മറ്റൊന്നിനും ഉണ്ടായിരിക്കുകയില്ല."

# ആഹാരത്തിന്റെ വില



നവീൻ 9 D

വീട്ടുമുറ്റത്ത് ഒരു പൂവൻ കോഴി രാവിലെ മുതൽ ആഹാരമൊന്നും കിട്ടാതെ അലഞ്ഞു തിരയുകയായിരുന്നു.സന്ധ്യയാകാറായി.അവൻ ഒരു ചെടിയുടെ ചുവട്ടിൽ വീണുകിടന്നിരുന്ന കരിയിലകൾ ചികഞ്ഞു മാറ്റി.'ഒന്നോ രണ്ടോ പുഴുക്കളെ കിട്ടിയാൽ




വിശപ്പടക്കാമല്ലോ',എന്നു വിചാരിച്ചുകൊണ്ട് അവൻ അവിടം മുഴുവൻ ചികഞ്ഞു നോക്കുകയും

കാലുകൾ കൊണ്ട് ചുറ്റിലേക്കും ചിക്കിമാറ്റുകയും ചെയ്തു.

അത് എന്തോ മിന്നിത്തിളങ്ങുന്നു.ഒരു പുഴവായിരിക്കണം അത്.പൂവൻ കോഴി ആശ്വാസത്തോടെ നെടുവീർപ്പിട്ടു.
അവൻ ആർത്തിയോടെ കൊത്തി.പക്ഷേ അതൊരു മാണിക്യമായിരുന്നു.വളരെ വിലപിടിപ്പുള്ള അതി മനോഹരമായ മാണിക്യം.ആഭരണക്കടക്കാർ അനേകലക്ഷം രൂപയ്ക്ക് വാങ്ങുന്ന നിധി.പക്ഷേ കോഴിയ്ക്ക് അത്കൊണ്ടെന്തുകാര്യം? കോഴി അത് വീണ്ടും കൊത്തി.തിരിച്ചും മറിച്ചുമിട്ട് കൊത്തിനോക്കി.
'എന്തിനുകൊള്ളാം? ഇതൊരു മിന്നാമിനുങ്ങായിരുന്നെങ്കിൽ എത്ര നന്നായിരുന്നു? വിശക്കുന്നവന് ഈ കല്ലുകൊണ്ട് എന്തു കാര്യം? 'ഇങ്ങനെ പറഞ്ഞുകൊണ്ട് കോഴി അമൂല്യമായ ആ മാണിക്യം ഉപേക്ഷിച്ചിട്ട് അവിടെ നിന്ന് പോയി.
**ഗുണപാഠം:**മാണിക്യമായാലും രത്നമായാലും വിശക്കുന്നവന് ഒരുപിടി ഭക്ഷണമാണ് വിലയേറിയത്.

# ഇന്ത്യൻ സപ്താത്ഭുതങ്ങൾ

നമ്മുടെ രാജ്യത്തെ 7 അദ്ഭുതങ്ങളാണ് ദില്ലിയിലെ ചെങ്കോട്ട, ഒഡീഷയിലെ സൂര്യക്ഷേത്രം, രാജസ്ഥാനിലെ ജയ് സാൽമിർ കോട്ട,മധ്യപ്രദേശിലെ ഖജൂരാഹോ,തമിഴ് നാട്ടിലെ മധുര മീനാക്ഷി ക്ഷേത്രം ബിഹാറിലെ നളന്ദ സർവകലാശാല എന്നിവ.16 സംസ്ഥാനങ്ങളിലെ 150 നിർമിതികളിൽ നിന്നാണ് കേന്ദ്ര ടൂറിസം മന്ത്രാലയം ഈ അത്ഭുതങ്ങൾ തിരഞ്ഞെടുത്തു.



# കഥ പറയുന്ന സ്മാരകങ്ങൾ

## ചെങ്കോട്ട



ഇന്ത്യയുടെ പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യംഗോവയിലെ പള്ളികൾ വഹിച്ചതാണ് ഡൽഹിയിലെ ചെങ്കോട്ട.മുഗൾ ചക്രവർത്തിയായ ഷാജഹാൻ 1618 ൽ പണി തറക്കല്ലലിട്ടു.1647 ൽ പണി പൂർത്തിയായി.ചെങ്കല്ലിലും കരിങ്കല്ലലിലും പണിത ചെങ്കോട്ടയ്ക്ക് 14 കവാടങ്ങളുണ്ട്.തുർക്ക്മാൻ, സകാശ്മീരി, ഡൽഹി, ലാഹോറി, അജ്മീരി,

മോറി എന്നിവയാണ് പ്രധാന കവാടങ്ങൾ.

## കുത്തബ് മിനാർ



അടിവംശ സ്ഥാപകനായ കുത്ത്ബുദ്ദീൻ ഐബക്കിന്റെ കാലത്ത് പണിതുടങ്ങിയ കുത്തബ്മിനാർ,ഇൽത്തുമിഷിന്റെ കാലത്താണ് പബർത്തിയായത്.ഇന്ത്യയിലെ ഏറ്റവും ഉയരംകൂടിയ ഈ സ്മാരകം ഇന്തോ-ഇസ്ലാമിക വാസ്തുകലയുടെ സമന്വയമാണ്.

# ഗോവയിലെ പള്ളികൾ



ഇന്ത്യയിൽ 1961 വരെ നിലനിന്ന പോർച്ചുഗീസ് ഭരണത്തിന്റെ ശേഷിപ്പുകളാണ് ഗോവയിലെ പള്ളികളും കോൺവെൻറുകളും.യൂറോപ്യൻ വാസ്തു ശിൽപ കലയുടെയും പെയിൻ റിങ്ങുകളുടേയും മാതൃകയിലായിരുന്നു നിർമ്മാണം.

പോർച്ചുഗീസുകാർക്ക് ഇന്ത്യയിലെ തലസ്ഥാനമായിരുന്ന ഗോവ.


## ചാർമിനാർ




നാലു ഗോപുരങ്ങൽ ചേർന്ന സ്മാരകങ്ങളാണ് ചാർമിനാർ. ഓരോ മിനാരത്തിനും 48.7 മിറ്റർ ഉയരമുണ്ട്.ഹൈദരാബാദിലും സമീപ പ്രദേസങഅഹളിലും പടർന്നുപിടിച്ച, അനേകായിരങ്ങളുടെ ജീവൻ അപഹരിച്ച പ്ലേഗ്

എന്ന മാരക രോഗം വിട്ടുമാറിയതിന്റെ ഓർമ്മയ്ക്ക് മുഹമ്മദ് ക്വുലി കുത്തബ്ഷാ എന്ന ഭരണാധികാരിയാണ് ചാർമിനാർ ഭരണം കഴിപ്പിച്ചത്.

## ഹവാ മഹൽ



മഹാരാജാ സവായ് പ്രതാപ് സിങ് 1799 ൽ ജയ്പൂരിൽ പണികഴിപ്പിച്ച അഞ്ചു നില കൊട്ടാരമാണ് ഹവാമഹൽ.ചുവപ്പും പിങ്കും നിറമുള്ള മണൽ കല്ലിലാണ് നിർമ്മാണം.രാജ പുത്ര കാലവിരുതിന്റെ മാസ്റ്റർ പീസായ ഹവാ മഹലിന് കാറ്റിന്റെ കൊട്ടാരം എന്നും പേരുണ്ട്.

## സെല്ലുലാർ ജയിൽ



സ്വാതന്ത്ര്യ സ്മരണ തുടിക്കുന്ന സ്മാരകമാണ് സെല്ലുലാർ ജെയിൽ.ആൻഡമാൻ നിക്കോബാർ ദ്വീപിന്റെ തലസ്ഥാനമായ പോർട്ട് ബ്ലയറിൽ ബ്രിട്ടീഷുകാരാണ് ഈ ക്രൂര്റൻ തടവറ നിർമ്മിച്ചത്.വിദേശ ശക്തികൽക്കെതിരെ

പോരാടിയവരെ ഇവിടേക്ക് നാടുകടത്തിയിരുന്നു. 1896 ൽ പണി തുടങ്ങിയ തടവറ പൂർത്തിയായത് 1906 ലാണ്.698 സെല്ലുകളുണ്ട്.

## ഇന്ത്യാ ഗേറ്റ്



ഒന്നാം ലോക മഹായുദ്ധത്തിൽ

മരണമടഞ്ഞ 80,000 പട്ടാളക്കാരുടേയും 1919 ലെ അഫ്ഗാൻ യുദ്ധ്തതിൽ മരണപ്പെട്ടവരുടേയും സ്മരണയ്ക്ക് പണിതുയർത്തതാണ് ഇന്ത്യാ ഗേറ്റ്.ഓൾ ഇന്ത്യാ വാർ മെമ്മോറിയൽ എന്നായിരുന്ന ആദ്യ കാല പേര്.ദില്ലിയിലെ രാജ്പഥിൽ രാഷ്ട്രപതി ഭവന് കിഴക്ക് 11 റോഡുകൾ ചേരുന്നിടത്താണ് ഈ കവാടം.ദില്ലി നഗരത്തിന്റെ ശിൽപ്പിയായ സർ എഡ്വിൻ ലൂട്ടെൻസാണ് 42 മീറ്റർ ഉയരമുള്ള കവാടം രൂപകൽപ്പന ചെയ്തത്.കോണാട്ട് പ്രഭു തറക്കല്ലിട്ട കവാടം 1921 ഫെബ്രുവരിയിൽ പൂർത്തിയായി.1971 ൽ ഇന്ത്യാ-പാക് യുദ്ധത്തിൽ മരിച്ച സൈനികരുടെ സ്മരണയ്ക്കായി ഇന്ത്യാഗേറ്റിൽ രാപ്പകൽ അമർ ജവാൻ ജ്യോതി തെളിയുന്നുണ്ട്.

# ഗേറ്റ് വേ ഓഫ് ഇന്ത്യ



ബ്രിട്ടനിലെ രാജാവായിരുന്ന ജോർജ് അഞ്ചാമനും രാജ്ഞി മേരിയും 1911 ൽ ഇന്ത്യയിൽ വന്നതിന്റെ സ്മരണയ്ക്ക് 1924 ൽ മുംബൈ തുറമുഖത്ത് പണികഴിപ്പിച്ചതാണ് ഗേറ്റ് വേ ഓഫ് ഇന്ത്യ.ഈ സ്മാരകം ഇന്ത്യയിലേക്കുള്ള കവാടം എന്ന് അറിയപ്പെടുന്നു.ഗുജറാത്തിലെ വാസ്തു ശിൽപ മാതൃകയിൽ ഇംഗ്ലീഷുകാരനായ ജോർജ് വിറ്റെറ്റ് എന്ന ശില്പിയാണ് രൂപകല്പന ചെയ്തത് .കടലിലേക്ക് തുറക്കുന്ന ഒരു വലിയ കവാടവും 600

പേർക്ക് ഇരിക്കാവുന്ന വിശാലമായ മുറിയുമാണ് പ്രധാനഭാഗങ്ങൾ.ബ്രിട്ടീഷ് ഭരണം കഴിഞ്ഞതിനെ തുടർന്ന് അവസാനത്തെ ബ്രട്ടീഷ് കപ്പൽ ഇന്ത്യ വിട്ടത് ഈ തുറമുഖത്തു നിന്നാണ്.

## തിരുവള്ളുവർ പ്രതിമ



തിരുക്കുറൾ എന്ന തമിഴ് മഹാ കാവ്യത്തിന്റെ കർത്താവായ തിരുവള്ളുലരുടെ സ്മാരകമായ ഈ കൂറ്റൻ പ്രതിമ കന്യാകുമാരിയിലാണ്.38 പടികളോടെ 38 അടി ഉയരമുള്ള പ്ലാറ്റ് ഫോമിൽ സ്ഥാപിച്ച പ്രതിമയ്ക്ക് 95 അടി ഉയരമുണ്ട്.2000 ൽ പണിത ഈ കൽ പ്രതിമയുടെ ഭാരം 7000 ടൺ ആണ്.

# ജാലിയൻ വാലാബാഗ് സ്മാരകം



1919 ഏപ്രിൽ 13 നായിരുന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊല. അന്ന് മരിച്ചവരുടെ ഓർമയ്ക്ക് പഞ്ചാബിലെ അമൃതസറിൽ 1961 ൽ പണികഴിപ്പിച്ചതാണ്ജാലിയൻ വാലാബാഗ് സ്മാരകം.ഒരു തീനാളത്തിന്റെ രൂപത്തിൽ 45 അടി ഉയരത്തിൽ ചെങ്കല്ലിൽ പണിത സ്മാരകം അന്നത്തെ രാഷ്ട്രപതി രാജേന്ദ്ര പ്രസാദ് ഉദ്ഘാടനം ചെയ്തു.ഇവിടെ തെളിയിച്ചിരിക്കുന്ന ദീപമാണ് അമർ ജ്യോതി.

# ഹരിതം

മനസ്സിനെ ഹരിക്കുന്ന നിറമാണ് പച്ച.മനോഹരം.അതുകൊണ്ടിതിനെ ഹരിതെ എന്ന് പൂർവ ഭാരതീയർ പറഞ്ഞു.ബരിരാ സ്ത്രീ ചഗർവായാം ഹരിദ് വർണ-യുതേന്യവത് -എന്ന് അമരകോശം.ഇതേ വാക്കകഴ് തന്നെ പിൽക്കാലത്തു  പരിണമിച്ച് ലത്തീനിൽ ഹോർത്തുസ് എന്നായി.ആംഗല ഭാഷ ലത്തീനിനെ പിന്തുടർന്ന് ഈ പദത്തിന് ലോക പ്രചാരവും പിൽക്കാല്ത്തു നൽകി.ഇപ്പോൾ നമുക്കെല്ലാവർക്കും പ്രിയം ഹരിതത്തെക്കാൾ ഹോർത്തുസും ഹോർട്ടിയുമയിപ്പോയി. ലോകത്തേറ്റവും കൂടുതൽ ഹരിത സസ്യ ജാലങ്ങളുള്ള നാട്ടുകളിലൊന്നായ ഭാരതത്തിൽ അതിന്റെ സങ്കൽപ്പങ്ങൾ പൂർവകാലത്തില്ലെന്നു വരുമോ?ഹരിത വിഞ്ജാനം മുറ്റയതായി പറയപ്പെടുന്ന യൂറോപ്യൻ നാട്ടുകളിൽ മരത്തെക്കുറിക്കാൻ ഒരു പദമേയുള്ളു tree.സംസ്കൃതത്തിൽ മാത്രംമരത്തിന് എത്ര നാമങ്ങൾ!

വൃക്ഷോ മഹീരുഹ- ശാഖി വിടപീ വാദവ-


ഉരുഃ

അനോകഹഃ കുജസ്സാലഃവലാശീ ദ്രുദ്രുമാഗമാഃ

വൃക്ഷം-പടർന്നു വളരുന്നത് , മുറിക്കപ്പെടുന്നത്, മഹീരുഹം-മണ്ണിൽ മുളച്ചുണ്ടാകുന്നത്.(ദ്രുരുഹം, ക്ഷിതിരുഹം, തുടങ്ങിയവയും) ശാഖി- കൊമ്പുകളോടെ വ്യാപിക്കുന്നത്.വിടപി- വിസ്താരമുള്ളത്, ചില്ലകളുള്ളത്, പാദപം- പാദം പാനം ചെയ്യുന്നത്, വേരുകളെകൊണ്ട് സ്വയം രക്ഷിക്കുന്നത്.തരു-വെയിലിനെ തടുക്കുന്നത്.താരുണ്യമുള്ളത് അനോകഹം- മറ്റുള്ളവരുടെ വേഗത്തെ  തടുക്കുന്നത്, കുജം- ഭൂമിയിൽ ജനിക്കുന്നത്,സാലം- കാറ്റടിച്ചിളക്കുന്നത്.പലാഷി-ഇലകൾ നിറഞ്ഞത്.ദ്രു-മേൽപ്പോട്ടുയരുന്നത്.ദ്രുമം- കൊമ്പുകളുയരുന്നത്.അംഗമം- നടക്കാത്തത്.




# എന്തായിരുന്നു ഗാന്ധിജി?



1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ സാധാരണ ചുറ്റുപാടുകളിൽ ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധി എങ്ങനെയാണ് ലോകംനമിക്കുന്ന മാഹാത്മാവായി മാറിയതെന്ന് അന്വേഷിക്കുന്നത്കൗതുകകരമായിരിക്കും .ഹാരിസ്റ്റർ ഉദ്യോഗം ലക്ഷ്യമിട്ട് ഇംഗ്ലണ്ടിൽ നിയമവിദ്യാഭ്യാസം നടത്തിയ വേളയിൽ തന്നെ ഗാന്ധിജിയിലെ മനുഷ്യസ്നേഹി ഉണർന്നുകഴിഞ്ഞിരുന്നു.അനീത്ക്കും അക്രമത്തിനുമെതിരെ ആത്മവീര്യത്തിന്റെ കരുത്തിൽ പോരാട്ടത്തിനിറങ്ങുന്ന വേളയിലാണ് ദക്ഷിണാഫ്രിക്കയിലെ ഉദ്യോഗപർവ്വം.വർണവിവേചനത്തിന്റെ

കൊടിക്കുറുകൾ പാറിയ മണ്ണിൽ വെള്ളക്കാരോട് അതേ നാണയത്തിൽ തിരിച്ചടിക്കാൻ തയ്യാറായതോടെ ഗാന്ധി ഭരണാധികാരികളുടെ കണ്ണിലെ കരടായി.പൊതു ഇടങ്ങളിൽ പോലും വംശവെറിയുടെ നെറികെട്ട മാതൃകകൾ വെഴ്ഴക്കാർ ഉയർത്തിപ്പിടിച്ചപ്പോൾ ഗാന്ധിയിലെ പോരാളി ഉണർന്നു.തീവണ്ടിയിൽ നിന്നും ഇറക്കിവിട്ടതടക്കം ഒസംഭവങ്ങളു തുടർന്നുണ്ടായി.എന്നാൽ ഇതിലൊന്നും പതറാതെ തന്റെ നാട്ടുകാരെക്കൂടി വിവേചനത്തിനെതിരെ അണിനിരത്തുവാനും പോരാട്ടം സംഘടിപ്പിക്കാനും പ്രാപ്തമാക്കുകയായിരുന്നു അദ്ദേഹം.

1 915 ൽ തന്റെ താൽപ്പത്തിയഞ്ചാം വയസ്സിൽ



തിരികെ ഇന്ത്യയിലേക്ക് മടങ്ങുമ്പോഴേക്കും ഗാന്ധി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നോട്ടപ്പുള്ളിയായിരുന്നു.ഒരർഥത്തിൽ ആ മടങ്ങിവരവ് ഭാരതത്തിന് ഒരനുഗ്രഹമായി മാറുകയായിരുന്നു.കച്ചവടക്കാരായി എത്തിയ ബ്രിട്ടീഷുകാർ ഇന്ത്യക്കാരന്റെ ആത്മാഭിമാനത്തിനു വിലപറഞ്ഞകാലം കൂടിയായിരുന്നു അത്.ദക്ഷിണാഫ്രിക്കയിൽ താൻ പരീക്ഷിച്ച വിജയിച്ച സമരീതികൾ വർധിതവീര്യത്തോടെ പുറത്തെടുക്കാൻ അദ്ദേഹം തയ്യാറായി.

# ചക്കരപ്പന്തലിലെ തേൻമഴ



കവിതകളുടെയും ഗാനങ്ങളുടേയും കാമുകനായിരുന്ന വയലാർ.ചങ്ങമ്പുഴയുടെ രമണനു ശേഷം മലയാളികൾ ഹൃദിസ്ഥമാക്കിയ കൃതിയാണ് അയിഷ.സാംബശിവന്റെ കഥാപ്രസംഗത്തിലൂടെ ഇത് ഏറെപ്പേർ ആസ്വദിച്ചു.മഹാകവി ജി.ശങ്കരകുറുപ്പ്,പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി,എൻ.വി കൃഷ്ണൻ വാര്യർ എന്നിവരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ വയലാറിനു കഴിഞ്ഞു.മഹാ കവി പി.കുഞ്ഞിരാമൻ നായരുടെ പ്രകൃതി സ്നേഹവും ആശാന്റെ നവോത്ഥാന സന്ദേശങ്ങളും വൈലോപ്പിള്ളി ശ്രീധര മേനോന്റെ

ശാസ്ത്രീയമായ കാഴ്ചപ്പാടും ഇടശ്ശേരിയുടെ വിപ്ലവബോധവും പാലാ നാരായണൻ നായരുടെ സൗന്ദര്യ ബോധവും വയലാർകവിതകളിലും ഗാനങ്ങളിലും കാണാം.പുതിയൊരു സമൂഹത്തിനും അധ്വാനിക്കുന്നവന്റെ മോചനത്തിനും വേണ്ടി വയലാർ തൂലിക പടവാളാക്കി.ചങ്ങമ്പുഴയ്ക്കു ശേഷം മലയാളത്തിൽ പഴമയിലൂടെയും പുതുമയിലൂടെയും വാക്കുകളുടെ തേൻമഴ ചൊരിഞ്ഞ ജനപ്രിയ കവിയും ഗാനരചയിതാവും ആയിരുന്ന വയലാർ. കവിതകളുടെയും ഗാനങ്ങളുടെയും കാമുകനായിരുന്ന വയലാർ.ചങ്ങമ്പുഴയുടെ രമണനു ശേഷം മലയാളികൾ ഹൃദിസ്ഥമാക്കിയ കൃതിയാണ് അയിഷ.സാംബശിവന്റെ കഥാപ്രസംഗത്തിലൂടെ ഇത് ഏറെപ്പേർ ആസ്വദിച്ചു.മഹാകവി ജി.ശങ്കരക്കുറുപ്പ്,പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി,എ.വി.കൃഷ്ണൻ വാര്യർ എന്നിവരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ വയലാറിനു കഴിഞ്ഞു.മഹാ കവി പി.കുഞ്ഞിരാമൻ നായരുടെ പ്രകൃതി സ്നേഹവും ആശാന്റെ നവോത്ഥാന സന്ദേശങ്ങളും വൈലോപ്പിള്ളി ശ്രീധര മേനോന്റെ ശാസ്ത്രീയമായ കാഴ്ചപ്പാടും

ഇടശ്ശേരിയുടെ വിപ്ലവ ബോധവും പാലാ
നാരായണൻ നായരുടെ സൗന്ദര്യ ബോധവും
വയലാർ കവിതകളിലും ഗാനങ്ങളിലും
കാണാം.പുതിയൊരു സമൂഹത്തിനും
അധ്വാനിക്കുന്നവന്റെ മോചനത്തിനും വേണ്ടി
വയലാർ തൂലിക പടവാളാക്കി.ചങ്ങമ്പുഴയ്ക്കു ശേഷം
മലയാളത്തിൽ പഴമയിലൂടെയും പുതുമയിലൂടെയും
വാക്കുകളുടെ തേൻമഴ ചൊരിഞ്ഞ ജനപ്രിയ
കവിയും ഗാനരചയിതാവുമായിരുന്നു വയലാർ.
കവിതകളുടെയും ഗാനങ്ങടെയും കാമുകനായിരുന്നു
വയലാർ.ചങ്ങമ്പുഴയുടെ രമണനു ശേഷം
മലയാളികൾ ഹൃദിസ്ഥമാക്കിയ
കൃതിയാണ് അയിഷ.സാംബശിവന്റെ
കഥാപ്രസംഗത്തിലൂടെ ഇത് ഏറെപ്പേർ
ആസ്വദിച്ചു.മഹാകവി ജി.ശങ്കരക്കുറുപ്പ്,പ്രൊഫസർ
ജോസപ് മുണ്ടശ്ശേരി,എ.വി രാധാകൃഷ്ണൻ വാര്യർ
എന്നിവരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ
വയലാറിനു കഴിഞ്ഞു.മഹാ കവി പി.കുഞ്ഞിരാമൻ
നായരുടെ പ്രകൃതി സ്നേഹവും ആശാന്റെ
നവോത്ഥാന സന്ദേശങ്ങൾക്കും വൈലോപ്പിള്ളി
ശ്രീധര മേനോന്റെ ശാസ്ത്രീയമായ കാഴ്ച്ചപ്പാടും

ഇടശ്ശേരിയുടെ വിപ്ലവ ബോധവും പാലാ നാരായണൻ നായരുടെ സൗന്ദര്യ ബോധവും വയലാർ കവിതകളിലും ഗാനങ്ങളിലും കാണാം.പുതിയൊരു സമൂഹത്തിനും അധ്വാനിക്കുന്നവന്റെ മോചനത്തിനും വേണ്ടി വയലാർ തൂലിക പടവാളാക്കി.ചങ്ങമ്പുഴയ്ക്കു ശേഷം മലയാളത്തിൽ  പഴമയിലൂടെയും പുതുമയിലൂടെയും വാക്കുകളുടെ തേൻമഴ ചൊരിഞ്ഞ  കവിയും ഗാനരചയിതാവുമായിരുന്നു ചങ്ങമ്പുഴ. കവിതകളുടെയും ഗാനങ്ങളുടെയും കാമുകനായിരുന്നു വയലാർ.ചങ്ങമ്പുഴയുടെ രമണനു ശേഷം മലയാളികൾ ഹൃദിസ്ഥമാക്കിയ കൃതിയാണ് അയിഷ. സാംബശിവന്റെ കഥാപ്രസംഗത്തിലൂടെ ഇത് ഏറെപ്പേർ ആസ്വദിച്ചു.മഹാകവി ജി ശങ്കരകുറുപ്പ്, പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി,എ.വി രാധാകൃഷ്ണൻ വാര്യർ എന്നിവരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ വയലാറിനു കഴിഞ്ഞു.മഹാ കവി പി.കുഞ്ഞിരാമൻ നായരുടെ പ്രകൃതി സ്നേഹവും ആശാന്റെ നവോത്ഥാന സന്ദേശങ്ങൾക്കും വൈലോപ്പിള്ളി ശ്രീധര മേനോന്റെ ശാസ്ത്രീയമായ കാഴ്ച്ചപ്പാടും

ഇടശ്ശേരിയുടെ വിപ്ലവ ബോധവും പാലാ നാരായണൻ നായരുടെ സൗന്ദര്യ ബോധവും വയലാർ കവിതകളിലും ഗാനങ്ങളിലും കാണാം.പുതിയൊരു സമൂഹത്തിനും അധ്വാനിക്കുന്നവന്റെ മോചനത്തിനും വേണ്ടി വയലാർ തൂലിക പടവാളാക്കി.ചങ്ങമ്പുഴയ്ക്കു ശേഷം മലയാളത്തിൽ പഴമയിലൂടെയും പുതുമയിലൂടെയും വാക്കുകളുടെ തേൻമഴ ചൊരിഞ്ഞ കവിയും ഗാന രചയിതാവുമായിരുന്നു ചങ്ങമ്പുഴ.

കവിതകളുടെയും ഗാനങ്ങളുടെയും കാമുകനായിരുന്നു വയലാർ .ചങ്ങമ്പുഴയുടെ രമണനു ശേഷം മലയാളികൾഹൃദിസ്ഥമാക്കിയ കൃതിയാണ് അയിഷ.സാംബശിവന്റെ കഥാപ്രസംഗത്തിലൂടെ ഇത് ഏറെപ്പേർ ആസ്വധിച്ചു.മഹാകവി ജി ശങ്കരകുറുപ്പ്,പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി,എ.വി രാധാകൃഷ്ണൻ വാര്യർ എന്നിവരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ വയലാറിനു കഴിഞ്ഞു.മഹാകവി പി.കുഞ്ഞിരാമൻ നായരുടെ സ്നേഹവും ആശാന്റെ നവോത്ഥാന സന്ദേശങ്ങൾക്കും വൈലോപ്പിള്ളി ശ്രീധര മേനോന്റെ ശാസ്ത്രീയമായ കാഴ്ച്ചപ്പാടും

ഇടശ്ശേരിയുടെ വിപ്ലവ ബോധവും പാലാ നാരായണൻ നായരുടെ സൗന്ദര്യ ബോധവും വയലാർ കവിതകളിലും ഗാനങ്ങളിലും കാണാം.പുതിയൊരു സമൂഹത്തിനും അധ്വാനിക്കുന്നവന്റെ മോചനത്തിനും വേണ്ടി വയലാർ തൂലിക പടവാളാക്കി.ചങ്ങമ്പുഴയ്ക്കു ശേഷം മലയാഴത്തിൽ പഴമയിലൂടെയും പുതുമയിലൂടെയും വാക്കുകളുടെ തേൻമഴ ചൊരിഞ്ഞ കവിയും ഗാനരചയിതാവുമാണ് വയലാർ.

# നവോത്ഥാന നായകന്മാർ





നവോത്ഥാന നായകന്മാരിൽ പലരും ഹിന്ദു മത വിശ്വാസികളായിരുന്നു .ജീർണതയുടെ വിഴിപ്പുഭാണ്ഡവും ചുമന്നുനടന്നിരുന്ന സ്വന്തം മതത്തിലെ പൗരോഹിത്യത്തിനെതിരെ അവർ ആഞ്ഞടിച്ചു.മതത്തെ ശുദ്ധീകരിക്കയാണാദ്യം ചെയ്യേണ്ടതെന്നും അതുവഴി വിശ്വാസികളെ നൂതനാശയങ്ങളിലേക്ക് മയിക്കുവാൻ കഴിയുമെന്നവർ സിദ്ധാന്തിച്ചു.അങ്ങനെ അറിവിന്റെ ചക്രവാളത്തിന് വിസ്തൃതി കൂട്ടുവാനാൻ അവർ തീവ്രമായി പ്രവർത്തിച്ചു തുടങ്ങി.





അവരിൽ പ്രധാനികളായിരുന്ന രാജാറാം മോഹൻ റോയ് ,ദയാനന്ദസരസ്വതി ,വിശ്വകവി രവീന്ദ്രനാഥ ടാഗോറിന്റെ പിതാവായ അവനീന്ദ്രനാഥ ടാഗോർ,കേശവ്ചന്ദ്ര സെൻ ,ശ്രീരാമകൃഷ്ണപരമഹംസൻ,






വിവേകാനന്ദൻ,ദാദാഭായി നവോറോജ,ശ്രീനാരായണ ഗുര,മഹാത്മാഫുല,ഡെറോ സിയോ,ഈശ്വർ ചന്ദ്ര വിദ്യാസാഗർ തുടങ്ങിയവർ.ഇവരിൽ ഒന്നാമതായി എടുത്തുപറയേണ്ടത് രാജാറാം മോഹൻറോയിയുടെ പേരാണ്.കാരണം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ വിമുഖത കാട്ടിയ സ്വന്തം നാട്ടുകാരോട് ആ ഭാഷ പഠിക്കുന്നതിലൂടെ നമുക്ക് നേടാവുന്ന

നേട്ടങ്ങളെക്കുറിച്ച് പറഞ്ഞുകൊടുത്ത് അവരെ ഉത്ബുദ്ധരാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

# നിസ്സഹകരണസമരം

1920 ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ട നിസഹരണ പ്രസ്ഥാനത്തെ ഒരു സമരരൂപമായി ഗാന്ധിജി എടുത്തുയർത്തി.എല്ലാ അർഥത്തിലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ബഹിഷ്ക്കരിക്കുക എന്ന സന്ദേശമാണ് സമരത്തിന്റെ ഭാഗമായി അദ്ദേഹം നൽകിയത്.സ്വരാജ് എന്ന ലക്ഷ്യത്തിലേക്ക്



എത്തുന്നതു വരെ സമരം തുടരുമെന്ന് അദ്ദേഹം

പ്രഖ്യാപിച്ചു.സമാധാന പരമായ മാർഗത്തിൽ കൂടി നിയമം ലംഘിക്കാനും ഗാന്ധിജി ജനങ്ങളെ ആഹ്വാനം ചെയ്തു.എന്നാൽ ചൗരിചൗരാ സംഭവം അദ്ദേഹത്തിൽ വലിയ പരിവർത്തനമുണ്ടാക്കുകയും തന്റെ സമരങ്ങൾ നിർത്തിവയ്ക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു.പോലീസ് സ്റ്റേഷൻ അഗ്നിയ്ക്കിരയാക്കി പോലീസുകാരെ ചുട്ടുകൊന്നത് അക്രമരഹിത സമരത്തിനുള്ള മാനസിക വളർച്ചയില്ലാത്തതുകൊണ്ടാണെന്ന് ഗാന്ധിജി പറഞ്ഞു.പിന്നീട് സ്വരാജ് പാർട്ടിയുടെ രൂപീകരണവും സൈമൺകമ്മീഷൻ ബഹിഷ്കരണവുമെല്ലാം ഉണ്ടായപ്പോൾ വീണ്ടും സമരമുന്നണിയിൽ സജീവമായി.സമരക്കാരെ അനുനയിപ്പിക്കാൻ പല നീക്കങ്ങളും വെള്ളക്കാർ നടത്തി.ഗാന്ധ-ഇർവിൻ കൂടിക്കാഴ്ച,വട്ടമേശ സമ്മേളനംമുതലായവ ഇതിനുദാഹരണമാണ്.എന്നാൽ പൂർണ സ്വാതന്ത്ര്യമെന്ന ആശയം സാമ്രാജ്യത്വം അംഗീകരിച്ചില്ല.തുടർന്ന് 1942 ൽ ചരിത്ര പ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാ സമരത്തിന് അദ്ദേഹം

നേതൃത്വം നൽകി.ഇതിനിടയിൽ നിർമായകമായ പല ചരിത്ര മുഹൂർത്തങ്ങളിലൂടെയും ഇന്ത്യയും ലോകവും കടന്നു പോയി.ലോകമഹായുദ്ധത്തോടനു ബന്ധിച്ച് സന്ധിസംഭാഷണങ്ങൾക്ക് ബ്രിട്ടൺ തയ്യാറായതോടെയാണ് സ്വാതന്ത്ര്യസവപ്നം സാക്ഷാത്ക്കരിക്കപ്പെട്ടുമെന്ന് തദ്ദേശിയർ കരുതി.,എന്നാൽ വർഗീയ കക്ഷികളുടെ ആവിർഭാവവും ഇന്ത്യവിജനവുമെന്ന ആശയവുമെല്ലാം ബ്രിട്ടീഷുകാർ ആയുധങ്ങളാക്കി.അവസാനം മൌണ്ട് ബാറ്റൺ പദ്ധതിയെത്തുടർന്ന് പാകിസ്ഥാൻ  എന്ന രാഷ്ട്ടംകൂടി യാഥാർത്ഥ്യത്തിലായി.വിഭജനത്തെത്തുടർന്ന് പൊട്ടിപ്പുറപ്പെട്ട കലാപങ്ങൾക്കൊടുവിലാണ് ഒരു മതഭ്രാന്തന്റെ വെടിയേറ്റ് 1948 ജനുവരി 30 ന് മഹാത്മജി വധിക്കപ്പെട്ടത്.

# ഭക്തിപ്രസ്ഥാനം





ഇന്ത്യക്ക് പുറത്തും വേരുനിന്നിരുന്ന മറ്റൊരു പ്രസ്ഥാനമായിരുന്നു കൽക്കത്തക്കടുത്ത് ദക്ഷിമേശ്വരത്ത് രൂപംകൊണ്ട ഭക്തിപ്രസ്ഥാനം.ആധുനിക ഭാരതത്തിന്റെ ആത്മീയഗുരുവായി കണക്കാക്കിവരുന്ന ശ്രീരാമകൃഷ്ണപരമഹംസനായിരുന്ന അത്തിന്റെ സ്ഥാപകൻ.ഇന്ത്യൻ സംസ്കാരത്തെ അതിന്റെ നിദ്രാവസ്ഥയിൽ നിന്നും ഉണർത്താൻ ഒരു പ്രസ്ഥാനം ആവശ്യമായിരുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു.പാശ്ചാത്യവും

പൗരസ്ത്യവമായ ചിന്താ സരണിയും ആശയവും സമന്വയിച്ചുകൊണ്ടായിരുന്ന ഭക്തി പ്രസ്ഥാനത്തിന്റെ പ്രവർത്തനം. മതങ്ങളെല്ലാം ൊരേ ലക്ഷ്യത്തിലേക്ക് നയിക്കുന്ന പ്രസ്ഥാനങ്ങളാണെന്ന് അദ്ദേഹം ഉത്ബോധിപ്പിച്ചു.രാമനും കൃഷ്ണനും അല്ലാഹുവും യാഹോവയുമെല്ലാം ഒരേ ചൈതന്യത്തിന്റെ ഭിന്ന ഭാവങ്ങളാകണമെന്ന വീക്ഷണമായിരുന്ന ശ്രീരാമകൃഷ്ണപരമഹംരുടേത്.



# മധ്യരേഖാ ന്യൂനമർദമേഖല





ഭൂമധ്യ രേഖയ്ക്ക് തെക്ക് 5 ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിലാണ് മധ്യരേഖാ ന്യൂനമർദമേഖല വർഷം മുഴവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന മേഖലയാണിത്.അതുകൊണ്ട് ഈ മേഖലയിൽ ചൂട് വളരെ കൂടുതലാണ്.സൂര്യന്റെ ചൂടേറ്റ് വായു

വികസിക്കുകയും വൻതോതിൽ ഉയരുകയും ചെയ്യുന്നതിനാൽ ഈ മേഖലയിലുടനീളം ന്യൂനമർദം അനുഭവപ്പെടാൻ കാരണമാവുന്നു.വായു വൻതോതിൽ മുകളിലേക്ക് പോകുന്നുവെന്നതുകൊണ്ട് ഇവിടെ കാറ്റുകൾ തീരെ ദുർബലമാണ്.അതുകൊണ്ടാണ് കാറ്റുകളില്ലാത്ത മേഖല എന്ന അർഥത്തിൽ ഈ മേഖല നിർവാതമേഖല എന്നറിയപ്പെടുന്നു.പഴയകാലത്ത് പായ്ക്കപ്പലുകളിൽ സഞ്ചരിച്ചിരുന്ന യാത്രികർക്ക് ഇവിടം പേടിസ്വപ്നമായിരുന്നു.

# മഹാനായ മാക്സ് വെൽ

1846 ഏപ്രിൽ 6ാം തീയതി എഡിൻ ബറോയിലെ റോയൽ സൊസൈറ്റി ഒരു പ്രബന്ധാവതരണ യോഗം സംഘടിപ്പിച്ചു. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ പ്രഗല്ഭരായ ശാസ്ത്രജ്ഞരും സദസ്യരായി ശാസ്ത്രാഭിമുഖ്യമുള്ള നിരവധി ആളുകളും ഹാളിൽ സമ്മേളിച്ചിരുന്നു .സമ്മേളന മധ്യേ കേവലം 15 വയസ്സുള്ള കുട്ടി താൻ രചിച്ച പ്രബന്ധവുമായി



മുന്നോട്ടു വന്നു. പ്രായപൂർത്തിയാകാത്തവർക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള  അനുവാദം സൊസൈറ്റി നൽകാറില്ല. അതിനാൽ കുട്ടിയുടെ പ്രബന്ധം എഡിൻബറോ യൂണിവ്ഴ്സിറ്റിയിലെ ഗണിതശാസ്ത്ര പ്രൊഫസർ ജയിംസ് ഫോർബസ് അവതരിപ്പിക്കാൻ സന്നദ്ധനായി.പ്രബന്ധ

കർത്താവായ വിദ്യാർഥിയും അത് ശ്രദ്ധാപൂർവ്വം കേട്ടിരുന്നു.ആ വിദ്യാർത്ഥിയുടെ പേര് ജയിംസ് എന്നായിരുന്നു.ഈ മിടുക്കനായിരുന്ന പിൽക്കാലത്ത് ഭൗത്ക ശാസിത്രത്തിന്റെ പിതാവ് എന്നറിയപ്പെട്ട, മഹാനായ ഭൗതിക ശാസ്ത്രജ്ഞൻ ജയിംസ് ക്ലാർക്ക് മാക്സ് വെൽ. ജീവിതപാത 1831 ജൂൺ 13 ന് സ്കോട്ട് ലൻഡിലെ എഡിൻ ബറോയിലാണ് ജയിംസ്  ജനിച്ചത്.പിതാവ് അഭിഭാഷകനായ ജോൺ മാക്സ് വെല്ലും മാതാവ് ഫ്രാൻസസ് കേയുമായിരുന്നു. പിതാവ് തന്റെ ഭൂസ്വത്തുക്കൾ പരിപാലിക്കുന്നതിനോടൊപ്പം ഏക പുത്രനായ ജയിംസിന്റെ വിദ്യാഭ്യാസത്തിലും ശ്രദ്ധിച്ചിരുന്നു



.ചെറുപ്രായത്തിൽ തന്നെ ജയംസിന് ശാസ്ത്രവിഷയങ്ങളോട് ആഭിമുഖ്യം ഉണ്ടായിരുന്നു.ആദ്യകാലത്ത് പഠനത്തിൽ പിന്നാക്കമായിരുന്നു .അമ്മായി

ഇസബെല്ലയോടൊപ്പമായിരുന്നു ജയിംസിന്റെ താമസം.വാരാന്ത്യത്തിൽ ജയിംസിന്റെ അച്ഛൻ കാണാൻ വരുമായിരുന്നു.മകനോടൊപ്പം ജോൺ മാക്സ്വെൽ യൂണിവേഴ്സിറ്റി കാമ്പസിൽ നടക്കാൻ പോകാറുണ്ട്.ഒരിക്കൽ അവിടെ ഇലക്ട്രോ മാഗ്നറ്റിക് യന്ത്രങ്ങളുടെ പ്രദർശനം നടത്തുന്നുണ്ടായിരുന്നു.ഫാരഡെയുടേയും ജോസഫ് ഹെൻറിയുടേയും പരീക്ഷണങ്ങൾ അവിടെ പ്രദർശിപ്പിക്കുകയുണ്ടായി ആ പ്രദർശനം ജയിംസിനെ ആകർഷിച്ചതോടെയാണ് ഈമേഘലയിൽ അദ്ദേഹം പ്രവർത്തിക്കാൻ തീരുമാനിച്ചത്.

# ഹൃദയം കീഴടക്കിയ കൃതികൾ

ആദ്യ കവിതാ സമാഹാരം
പദ്യമുദ്രകൾ.അതിൽ രാമ വർമ തിരുമുൽപാട് എന്ന പേരിനു പകരം പ്രസാധകൻ മാധവൻ പൈ,വയലാർ രാമവർമ എന്നാക്കി.പിന്നീട് മലയാളിയുടെ ഹൃദയത്തെ കീഴടക്കിക്കൊണ്ട് നിരവധി രചനകളിലൂടെ കാവ്യകൽപനകളുടെ പുഷ്പകിരീടം ചൂടി മനുഷ്യമനസ്സുകളിൽ കുളിർമ ചൊരിഞ്ഞു.കൊന്തയും  പൂണുലും,എനിക്ക് മരണമില്ല,മുളങ്കാട്,ഒരു ജ്രൂഡാസ് ജനിക്കുന്നു,എന്റെ മാറ്റൊലികൾസപ്ത സംഗീതം,വയലാർ കൃതികൾ,അയിഷ, എന്റെ ചലച്ചിത്ര ഗാനങ്ങൾ,രക്തം കലർന്ന മണ്ണ്,വെട്ടും തിരുത്തും,പുരുഷാന്തഹൃദയം കീഴടക്കിയ കൃതികൾ ആദ്യ കവിതാ സമാഹാരം പദ്യമുദ്രകൾ.അതിൽ രാമ വർമ തിരുമുൽപാട് എന്ന പേരിനു പകരം പ്രസാധകൻ മാധവൻ പൈ,വയലാർ രാമവർമ എന്നാക്കി.പിന്നീട് മലയാളിയുടെ ഹൃദയത്തെ കീഴടക്കിക്കൊണ്ട്  നിരവധി രചനകളിലൂടെ കാവ്യകൽപനകളുടെ പുഷ്പകിരീടം ചൂടി


മനുഷ്യമനസ്സുകളിൽ കുളിർമ
ചൊരിഞ്ഞു.കൊന്തയും  പൂണൂലും,എനിക്ക്
മരണമില്ല,മുളങ്കാട്,ഒരു ജൂഡാസ്
ജനിക്കുന്നു,എന്റെ മാറ്റൊലികൾസപ്ത
സംഗീതം,വയലാർ കൃതികൾ,അയിഷ, എന്റെ
ചലച്ചിത്ര ഗാനങ്ങൾ,രക്തം കലർന്ന മണ്ണ്,വെട്ടും
തിരുത്തും,പുരുഷാന്തരങ്ങളിലൂടെ,കുപ്പിച്ചില്ലുകളും
റോസാദലങ്ങളും,കവിയുടെ ഡയറി,എന്നീ
കൃതികളാണ് വയലാറിൽ നിന്നും
മലയാളസാഹിത്യത്തിനു ലഭിച്ച അമൂല്യ
രത്നങ്ങൾ.

രങ്ങളിലൂടെ,കുപ്പിച്ചില്ലുകളും
റോസാദലങ്ങളും,കവിയുടെ ഡയറി,എന്നീ
കൃതികളാണ് വയലാറിൽ നിന്നും
മലയാളസാഹിത്യത്തിനു ലഭിച്ച അമൂല്യ
രത്നങ്ങൾ.

# വസന്തകാലവും ഹേമന്തകാലവും

ഉഷ്ണകാലത്തിനും ശൈത്യകാലത്തിനുനിടയിലെ രണ്ട് പരിവരിത്തന കാലങ്ങളാണ് വസന്ത കാലവും ഹേമന്തകാലവും.ഉത്തരാധഗോളത്തിൽ വസന്തകാലമായിരിക്കുമ്പോൾ ദക്ഷിണാർധഗോളത്തിൽ ഹേമന്തകാലമായിരിക്കും.എന്നാൽ ഉത്തരാർധഗോളത്തിൽ ഹേമന്തമായിരിക്കുമ്പോൾ ദക്ഷിണാർഥഗോളത്തിൽ വസന്തകാലമായിരിക്കും.

**വസന്തകാലം**:ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് വസന്തകാലം.പൊതുലെ മാർച്ച്,ഏപ്രിൽ



മാസങ്ങളിലാണ് ഉത്തരാധഗോളത്തിലെ വസന്തകാലം.ചെടികൾ തളിർക്കുന്നതും പുഷ്പിക്കുന്നതും മാവ് പൂക്കുന്നതും പ്ലാവുകളിൽ ചക്കയുമ്ാകുന്നതും വസന്തകാലത്തിലാണ്.

**ഹേമന്തകാലം:**വേനൽകാലത്തിന്റെ തീഷ്ണതയിൽ



നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തകാലം.പൊതുവെ ഒക്ടോബർ,നവംബർ മാസങ്ങളിലാണ് ഉത്തരാർധഗോളത്തിലെ **ഹേമന്തകാലം.**ഇക്കാലയളവിൽ അന്തരീക്ഷ

ഊഷ്മാവ് ഗണ്യമായി കുറയുന്നു.തുടർന്ന് പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.മരങ്ങൾ പൊതുവെ ഇലപൊഴിക്കുന്ന കാലമാണിത്.

# വേനൽ മഴ



അൽഫിയ റഫീക്ക് 9 D

കടുത്ത വേനലിനൊരാശ്വാസമായി വേനൽ മഴ എത്തി.വേനൽക്കാലത്തെ ചൂടിന് തൽക്കാലം ഒരാശ്വാസ.രാത്രിയിൽ പെയ്യുന്ന മഴ കാണുവാനാണ് കൂടുതൽ ചന്തം.രാത്രി ജനലരികിലിരുന്നാൽ മഴയുടെ മനോഹരമായ



നാദം  കേൾക്കാം.നൂലുകൾ പോലെ പെയ്തിറങ്ങുന്ന മഴയേക്കാണാൻ നല്ല രസമാണ്.മഴ മാനത്തിന്റെ കണ്ണീരാണെന്നാണത്ത പഴമൊഴി.എങ്കിലും മഴ ഭൂമിക്കൊരാശ്വാസമാണ്.കടുത്ത വേനലിൽ വെന്തുരുകി നിൽക്കുന്ന ഭൂമിക്ക് ആശ്വാസമായി പെയ്യുന്ന വേനൽ മഴ നമ്മുടെ മനസ്സിനേയും കുളിർപ്പിക്കുന്നു.

# നൂതന സമരമാർഗങ്ങൾ

വ്യവസായ വിപ്ലവത്തെത്തുടർന്ന് ബ്രിട്ടണിലെ വ്യവസായശാലകളിലേക്ക് അസംസ്കൃത പദാർത്ഥങ്ങൾ എത്തിക്കുന്ന ഒരു കോളനി മാത്രമായാണ് അവർ ഇന്ത്യയെ പരപിഗണിച്ചിരുന്നത്.പരുത്തി,ചണം,കരിമ്പ് തുടങ്ങിയ കാർഷികാനുബന്ധ വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ നിസാരവിലയ്ക്ക് ഇവിടെനിന്നും കടത്തിക്കൊണ്ടു പോവുകയും നിർമ്മിത ഉത്പ്പന്നങ്ങൾ വൻ വിലയ്ക്ക് ഇവിടെ തന്നെ വിറ്റഴിക്കുകയും ചെയ്തു.ഇതിനെ പ്രതിരോധിക്കാനാണ് നൂതന സമരമാർഗങ്ങളുമായി ഗാന്ധിജി രംഗത്തെത്തിയത്.സത്യം,അസിംസ എന്നിവ മുറുക്കിപ്പിടിച്ചുകൊണ്ടുള്ള സത്യാഗ്രഹം എന്ന സമരമാർമായിരുന്നു അതിനായി അദ്ദേഹം സ്വീകരിച്ചത.നിസഹകരണം, ബഹിഷ്കരണം,സിവിൽ നിയമ ലംഘനം,നിരാഹാരം മുതലായ സമരരീതികൾ ഇന്ത്യക്കാരിൽ പുതിയ ആവേശത്തിനു

കാരണമായി. ചമ്പാരൻ,ഖേം,അഹമ്മദാബാദ് എന്നിവിടങ്ങളിലെ സമരങ്ങളിൽ ഗാന്ധിജി നേരിട്ട് ഇടപെട്ടു.ചമ്പാരനിലെ നീലം കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സമരത്തെത്തുടർന്ന് 1917 ഏപ്രിൽ 18 ന് ഇന്ത്യയിലെ ആദ്യ അറസ്റ്റ് നടന്നു.ഖേംയിലെ കർഷകർക്കും അഹമ്മദാബാദിലെ തുണിമിൽ തൊഴിലാളികൾക്കും ഗാന്ധിജി കാണപ്പെട്ട ദൈവമായി.റൗലറ്റ് ബില്ലിനെതിരായ സമരത്തിൽ അപ്രതീക്ഷമായി ആക്രമണം അഴിച്ചുവിട്ട് ബ്രിട്ടീഷുകാർ 379 വെടിവച്ചുകൊന്ന ജാലിയൻവാലാബാര് കൂട്ടക്കുരുതി ഈ കാലത്തായിരുന്നു.1919 ഏപ്രിൽ 13 ന് നടന്ന ഈ സംഭവത്തോടെ സമരം കരുത്താർജിച്ചു.ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു പോകാതെ ഇനി ഇന്ത്യക്കാർക്കു വിശ്രമമില്ലെന്ന് ഗാന്ധിജി നാട്ടുകാരെ ബോധ്യപ്പെടുത്തി.ഖിലാഫത്തിലൂടെ ഹിന്ദു - മുസ്ലീം മൈത്രി ഊട്ടിയുറപ്പിക്കാനായതോടെ ഒരു സമരമുന്നേറ്റം തന്നെ രാജ്യത്തുണ്ടായി.

# കാട്ടിലെ റാണി

വലിയ പൂച്ചകളുടെ കൂട്ടത്തിൽപ്പെടുന്ന ജീവിയാണ് സിംഹം.കൂട്ടമായാണ് സിഹങ്ങൾ താമസിക്കുന്നത്.ഓരോ കൂട്ടവും ഓരോ കുടുംബമായിരിക്കും.കാട്ടിലെ രാജാവ് എന്നാണ് അറിയപ്പെടുന്നതെങ്കിലും ആഫ്രിക്കൻ സിംഹക്കൂട്ടങ്ങളെ നയിക്കുന്നത് പെൺ സിംഹമാണ്.പെൺസിംഹം തങ്ങൾ ജനിച്ചുവളർന്ന സ്ഥലത്ത് ആധിപത്യമുറപ്പിച്ചുനിൽക്കുന്നു.അവർക്ക് വെള്ളം



കിട്ടുന്ന സ്ഥലവും ഇരതേടേണ്ട ഇടങ്ങളും അറിയാൻ ഇത് സഹായകമാകുന്നു.കൂട്ടമായി വേട്ടയാടുന്ന മൃഗമാണ് സിംഹം.പെൺ സിംഹങ്ങളാണ് വേട്ടയാടുന്നതിൽ മുൻപിൽ നിൽക്കുന്നത്.

വേട്ടയാടലിൽ സഹകരിക്കുക മാത്രമല്ല വേഗത്തിൽ ഓടുന്ന മൃഗങ്ങളെപ്പോലും കൂട്ടംചേർന്ന് കീഴ് പ്പെടുത്തുന്നത് പെൺസിംഹങ്ങളാണ്.മറ്റു സിംഹക്കൂട്ടങ്ങളിൽ നിന്ന് അതിർത്തി സംരക്ഷിക്കുന്നതും ഇവർ തന്നെ.



# കൊലയാളി തമിംഗിലം

പേര് കൊലയാളിതിമിംഗിലം എന്നാണെങ്കിലുംജീവശാസ്ത്രവർഗീകരണമനുസരിച്ച് ഡോൾഫിനുകളുടെ കൂട്ടത്തിൽപ്പെടുന്നവയാണ് ഓർക്ക എന്നറിയപ്പെടുന്നു.ഡോൾഫിനുകളിൽ വച്ച് ഏറ്റവും വലുതാണ് ഇവ.മറ്റു തിമിംഗിലങ്ങൾ, സീലുകൾ, കടൽ സിംഹങ്ങൾ എന്നവിവയാണ് പ്രധാന ഇരകൾ.നാല്പത് അംഗങ്ങൾ വരെയുള്ള ഗ്രൂപ്പുകളായാണ് ഓർക്കകൾ



കാണപ്പെടുന്നത്. പെൺ ഓർക്കകൾ തൊണ്ണൂറാമം വയസ്സുവരെ ജീവിക്കും.പോഡ് എന്നറിയപ്പട്ടുന്ന സംഘത്തിന് പ്രായം ചെന്ന പെൺ തിമിംഗിലങ്ങൾ നേതൃത്വം നൽകുന്നു. നാലു തലമുറകൾ, മുതിർന്ന പെൺതിമിംരിലത്തിന്റെ നേതൃസ്ഥാനം ആശ്രയിച്ചു ജീവിക്കുന്നു.

# ചിരിക്കും കഴുതപ്പുലി



പരിസ്ഥിതി വ്യൂഹങ്ങളിലും ഭക്ഷ്യശൃംഖലകലിലും പ്രധാനപങ്കുവഹിക്കുന്ന ജന്തുസമൂഹമാണ് കഴുതപ്പുലികൾ.നാലു സ്പീഷിസുകളിലായി കണ്ടുവരുന്ന കഴുതപ്പുലികളിൽ പുള്ളിയുള്ളതാണ് ഏറ്റവും വലുത്.എപ്പോഴും കൂട്ടത്തെ നയിക്കുന്നത് ഹൈനകളാണ്.

പെൺ കഴുതപ്പുലികൾ

ആൺജാതിയെക്കാൾ വലുപ്പവും കരുത്തുമുണ്ടാവും.ഗ്രൂപ്പിനകത്തും ഗ്രൂപ്പുകൾ തമ്മിലുള്ള കലഹങ്ങളിലും പെൺഹൈനകൾ നേതൃത്വം വഹിക്കുന്നു.ശത്രുക്കളുമായുള്ള ഏറ്റുമുട്ടലിൽ മുൻനിരയിൽ കാണപ്പെടുന്നത് പ്രായപൂർത്തിയായ പെൺഹൈനകളാണ്.

ഇരയെ പിടിച്ചു കഴിഞ്ഞാൽ ഇവ മനുഷ്യൻ ചിരിക്കുന്നതുപോലുള്ള ശബ്ദമുണ്ടാക്കുന്നു. ഭക്ഷണം റെഡിയായി എന്ന് അറിയിക്കാനാണിത്. അഏതുകൊണ്ട് ഇവയെ ചിരിക്കുന്ന ഹൈന എന്നും പറയാറുണ്ട്



# ഏഷ്യൻ ആന

ആഫ്രിക്കൻ ആനയെക്കാൾ ചെറുതാണ് ഏഷ്യൻ ആന.ഇന്ത്യൻ, സുമാത്രൻ,ശ്രീലങ്കൻ എന്നിങ്ങനെ മൂന്ന് ഉപവർഗങ്ങളാമ് ഏഷ്യൻ ആനയിൽ ഉള്ളത്.പെണ്ണാനകൾ ബന്ധുക്കകൾ അടങ്ങിയ കൂട്ടം ഉണ്ടാക്കുകയും ഏറ്റവും മുതിർന്ന പിടിയാന നേതൃത്വം വഹിക്കുകയും ചെയ്യുന്നു.നാലുവയസ്സാകുന്നതുവരെ കുട്ടികൾ അമ്മയുടെ സംരക്ഷണത്തിലായിരിക്കും. പ്രായപൂർത്തിയായാൽപ്പോലും സാമൂഹികമായ ആധിപത്യം കിട്ടാത്തവരാണ് ആൺ ആനകൾ.



# സാംസ്കാരിക നവോത്ഥാനം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് നവോത്ഥാന പ്രസ്ഥാനം നാമ്പിട്ടത്.ബ്രിട്ടീഷ് ആദിപദ്യത്തിൻ കീഴിൽ ഇന്ത്യക്കാർ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വൻ പ്രതിസന്ധികൾ നേരിട്ടു.ഇതിൽ നിന്നുള്ള മോചനമായിരുന്നു നവോത്ഥാന പ്രസ്ഥാനം ലക്ഷ്യമാക്കിയത്.ബ്രിട്ടീഷുകാരുടെ ഭരണ സഹായികളായി വളരെക്കുറച്ച് ആളുകളെ വളർത്തിക്കൊണ്ടുവരേണ്ടത് അവരുടെ ആവശ്യമായിരുന്നു.ഈ ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിലെ ബുദ്ധി ജീവികൾക്കുമുന്നിൽ അറിവിന്റെ  പുതിയൊരധ്യായം തുറന്നിടുകയാണഉണ്ടായത്.പാശ്ചാത്യ ചിന്തകളുമായും ആധുനിക ശാസ്ത്രങ്ങളുമായും ഇടപഴകുവാനിതവസരമൊരുക്കി. അതിപുരാതനമായ ചിത്രവും സാംസ്കാരിക പൈതൃകവുമുള്ള ഇന്ത്യ വെറുമൊരു കൊച്ചുരാജ്യമായ ബ്രിട്ടനു മുന്നിൽ അടിയറവ്

പറയാനുണ്ടായ കാരണങ്ങളെക്കുറിച്ചവർ അന്വേഷിക്കുവാനാരംഭിച്ചു.ഇന്ത്യ സാമൂഹ്ക ഘടനയുടെ നമ്മുടെ അടിമത്തത്തിന്റെ മുഖ്യ കാരണങ്ങളിലൊന്നാണെന്നവർ മനസ്സിലാക്കി.ഈ ദൗർബല്യങ്ങൾ തരണം ചെയ്യാതെ ഇംഗ്ലീഷുകാരിൽ നിന്നും മോചനം ലഭിക്കുകയില്ലെന്നും അടിമത്തം നിലനിൽക്കുക തന്നെ ചെയ്യുമെന്നും അവർ തിരിച്ചറിഞ്ഞു.അങ്ങനെയാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സാമൂഹിക സാംസ്കാരിക നവോത്ഥാനം ഉടലെടുത്തത്.

# മാതൃഭാഷ



**കൃഷ്ണേന്ദു 9 D**

മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്.കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്.നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വാഭാവികരമായ രീതിയിൽ ആവിഷ്കരിക്കാനും വിനിമയം ചെയ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു. മാതൃഭാഷയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം.ലോകത്തിൽ എല്ലായിടത്തും മാതൃഭാഷയുടെ അംശം കലർന്നിട്ടുണ്ട്.തമിഴിൽ നിന്നും പഴയ വാമൊഴി പാട്ടുകളിൽ നിന്നും രൂപപ്പെട്ടു വന്നതാണ് നമ്മുടെ മാതൃഭാഷയായ മലയാളം.സമ്പന്നമായ ഒരു സാഹിത്യലോകം ഭാഷയ്ക്കുണ്ട്.മലയാളം ഇന്ന് ശ്രേഷ്ഠഭാഷാ


പദവിയിലേയ്ക്കുയർന്ന്
ലോകനിലവാരത്തിലെത്തി.മറ്റു ഭാഷകളെക്കുറിച്ച്
അറിയാനും സാഹിത്യ – സാംസ്കാരിക
തലങ്ങളെക്കുറിച്ച് കൂടുതൽ
ധാരണയുളവാക്കാനും നമ്മുടെ മാതൃഭാഷ
നമുക്ക് സഹായകമാകുന്നു.
മാതൃഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള
ഉത്തരവാദിത്വം ഓരോ മലയാളിക്കുമുണ്ട്.

# ധീരതയ്ക്കു കിട്ടിയ സമ്മാനം



കൈലാസ് 9 E

സ്കോട്ട് ലാൻഡിലെ ഒരു നാട്ടിൻപുറം.അലക്സ് എന്ന കുട്ടി തന്റെ അനുജന്മാരോടൊപ്പം വയലിൽ പണിയെടുക്കുകയായിരുന്നു. പെട്ടെന്ന് മരണവെപ്രാളത്തോടെയുള്ള ഒരു നിലവിളി കേട്ട് അലക്സ് അടുത്തുള്ള വെള്ളക്കെട്ടിനു നേരേ ഓടി.തന്നെക്കാൾ പ്രായം കുറഞ്ഞ ഒരു കുട്ടി വെള്ളത്തിൽ കൈകാലിട്ടിച്ച് ജീവനുവേണ്ടി പിടയുകയാണ്.അലക്സ് ഒന്നുമാലോചിക്കാതെ വെള്ളത്തിലേക്ക് എടുത്തുചാടി ആ ബാലന്റെ ജീവൻ രക്ഷിച്ചു.


NATIONAL GALLERIES SCOTLAND
Sir Alexander Fleming, 1881 - 1955. Bacteriologist and discoverer of penicillin, 1944, Wolfgang Suschitzky
© Copyright held jointly by Peter Suschitzky, Julia Donat & Misha Donat

സ്കോട്ട് ലാഡിന്റെ പ്രകൃതിസൗന്ദര്യം നുകരാൻ

ഇംഗ്ലണ്ടിൽ നിന്നെത്തിയ ധനിക ദമ്പതിമാരുടെ അരുമസന്താനമായിരുന്ന അപകടത്തിൽപ്പെട്ട ആ ബാലൻ.അച്ഛനമമ്മയും വർത്തമാനം പറഞ്ഞുകൊണ്ടുനടന്ന നീങ്ങുന്നതിനിടയിൽ കുട്ടി സൂത്രത്തിൽ തെന്നിമാറി വെള്ളക്കെട്ടിനടുത്തെത്തിയതായിരുന്ന .നിർഭാഗ്യത്തിന് വെള്ളത്തിൽ ഇറങ്ങിയ സമയം തന്നെ ആ അപസ്മാരക്കാരന് ദണ്ഡമിളകി.
കുട്ടിയെ കാണാതെ പരിഭ്രമിച്ച അച്ഛനമമ്മയും അവസാനം വിവരമറിഞ്ഞ് നന്ദി പറയാൻ അലക്സിന്റെ വീട്ടിലെത്തി.എങ്ങനെ അവനെ സന്തോഷിപ്പിക്കണം എന്നറിയാതെ അവർ വിഷമിച്ചു."എന്തു ചോദിച്ചാലും തരാം",അവസാനം അവർ ആ ഗ്രാമീണ കർഷകബാലനോടു പറഞ്ഞു.ഒന്നും വേണ്ടെന്ന് അലക്സ് പ്രതിവചിച്ചു.അങ്ങനെ പറഞ്ഞാൽ പറ്റില്ലെന്നായി കുട്ടിയുടെ പിതാവ്.അലക്സ് പുഞ്ചരിക്കുക മാത്രം ചെയ്തു.
ആട്ടെ എന്താണ് നിന്റെ ആഗ്രഹം?
പാടത്തു പണിയെടുക്കണം. മരിച്ചുപോയ എന്റെ അച്ഛനെക്കാൾ നല്ലൊരു കൃഷിക്കാരനാകണം.


മറ്റൊന്നുമില്ലേ?
അത്...... അലക്സ് അർദ്ധോക്തിയിൽ നിറുത്തി.
മടിക്കാതെ പറഞ്ഞോളൂ. ആതിഥേയൻ പ്രോത്സാഹിപ്പിച്ചു.
ഒരു ഡോക്ടറാകണമെന്ന് പണ്ട് ഞാൻ വിചാരിക്കാറുണ്ടായിരുന്നു. പക്ഷേ അത് നടക്കാത്ത കാര്യമാണെന്ന് മനസ്സിലായപ്പോൾ പഠിപ്പ് ഉപേക്ഷിച്ച് അച്ഛനെ സഹായിക്കുവാൻ തുടങ്ങി. ഇപ്പോൾ ഏതായാലും ആവിധത്തിലുള്ള ആഗ്രഹങ്ങളൊന്നുമില്ല.
അത്പോട്ടെ പഠിക്കുവാൻ തയ്യാറുണ്ടോ?
അലക്സ് ലജ്ജയോടെ മുഖം കുനിക്കുക മാത്രം ചെയ്തു.
എത്രവേണമെങ്കിലും പഠിച്ചോളൂ. എല്ലാ ചെലവും എന്റെ വക. എനിക്ക് എന്റെ കുഞ്ഞിനെ തിരിച്ചു കിട്ടിയതിന് എത്ര പ്രത്യുപകാരം ചെയ്താലും അതികമാവില്ല.

അലക്സിന്റെ പഠിപ്പ് തുടരുവാനുള്ള ഏർപ്പാടുകളെല്ലാം പൂർത്തിയാക്കിയതിന് ശേഷമേ ആ മാന്യനും കുടുംബവും സ്ഥലം വിട്ടോളൂ. വിദ്യഭ്യാസം തുടരുവാൻ ആഗ്രഹിക്കുന്നടത്തോളം

തന്റെ ധനസഹായം ഉണ്ടാകുമെന്ന് ഒരു കരാർ എഴുതി കുട്ടിയുടെ മാതാവിനെ ഏൽപ്പിച്ചിരുന്നു. കരാർ നിറവേറ്റപ്പെട്ടു.

അലക്സ് വൈദ്യശാസ്ത്രം പഠിച്ച് പ്രശസ്തനായ ഭിഷഗ്വരൻ ആയി മാറി പെൻസിലിൽ നിന്ന് ദിവ്യൗഷധം കണ്ടുപിടിച്ച് നോബൽ സമ്മാനം കരസ്ഥമാക്കി. അലക്സാണ്ടർ ഫ്ലെമിംഗ് എന്നാണ് ആ കുട്ടിയുടെ മുഴുവൻ പേര്.

അലക്സ് അന്ന് രക്ഷപെടുത്തിയ ആ കുട്ടിയാണ് ബ്രിട്ടന്റെ ഭരണാധികാരിയായ മാറിയ വിൻസ്റ്റൺ ചർച്ചിൽ.



ALAXANDER FLEMMING (1881-1955)

# സി വി രാമനും കടലിന്റെ നിറവും



ദ്രുപൻ 9 D

1912 സെപ്റ്റംബർ മാസത്തിലെ ഒരു ദിവസം.ഇംഗ്ലണ്ടിലെ തന്റെ പ്രഥമ ദർശനം കഴിഞ്ഞ് സിവി രാമൻ ഇന്ത്യയിലേക്ക് മടങ്ങുകയാണ്. അന്ന് അദ്ദേഹം പ്രസിദ്ധനല്ല.നോബൽ സമ്മാനത്തിന് അർഹമായിത്തീർന്ന രാമൻപ്രഭാവം കണ്ടെത്തിയിട്ടില്ല.

കപ്പൽ സ്പെയ്ൻ ചുറ്റി,ജിബ്രാൾട്ടർ കടലിലേക്കു താണ്ടി മധ്യധരണ്യാഴിയിൽ പ്രവേശിച്ചു.മധ്യധരണ്യാഴി കഴിഞ്ഞാൽ സൂയസ് കനാൽ.സൂയസ് കനാൽ കഴിഞ്ഞാൽ ചെങ്കടലും കടന്ന് അറബിക്കടലിലൂടെ ബോംബെയിലെത്താൻ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും വേണം.

കപ്പലിൽ സമയം ചിലവഴിക്കാൻ പലവിധ

വിനോദങ്ങളുണ്ട്.തിന്നും കുടിച്ചും ചീട്ടുകളിച്ചും യാത്രക്കാർ സമയം പോക്കുന്നു.

ഇതിലൊന്നും പങ്കാളിയാവാതെ 'ഡെക്കിൽ' ഇരുണ്ട നീലിമയാർന്ന കടലിലേക്ക് തന്നെ നോക്കിയിരിക്കുകയാണ് രാമൻ. ഇപ്പോൾ കപ്പൽ മധ്യധാരണ്യാഴിയിലാണ്.ആകാശത്തിനു സ്വച്ഛനീലിമ. കടലിന് ഇരുണ്ട നീലനിറം. ആകാശനീലിമയുടെ രഹസ്യം റാലി എന്ന ശാസ്ത്രജ്ഞൻ വിശദീകരിച്ചിട്ടുണ്ട്. അന്തരീക്ഷവായുവിന്റെ തന്മാത്രകൾ സപ്തവർണങ്ങൾ അടങ്ങിയ സൂര്യരശ്മികളെ പ്രകീർണത്തിന് വിധേയമാക്കുന്നു. വ്യത്യസ്ത ആവൃത്തിയുള്ള രശ്മികൾക്ക് പ്രകീർണനം സംഭവിക്കുകയും ആകാശം നീലയായി തോന്നുകയും ചെയ്യുന്നു.

അപ്പോൾ കടലിന്റെ നീലിമിയോ? ആകാശത്തിന്റെ നിറം കടലിൽ പ്രതിഫലിക്കുന്നതുകൊണ്ട് കടൽ നിലയായി തോന്നുന്നു എന്നായിരുന്നു റാലിയുടെ വിശദീകരണം.

നീലാകാശത്തിന്റെ പ്രതിഫലനം കടലിനെ

നീലയാകുന്നു? എന്തുകൊണ്ടോ രാമന് വിശദീകരണം വിശ്വസനീയമായി തോന്നിയില്ല. കടലിന്റെ നീലനിറത്തിന് അതിന്റേതായ കാരണങ്ങൾ ഉണ്ടാവണം. വായുവിന്റെ തന്മാത്രകളിൽ പ്രകാശത്തിന് സംഭവിക്കുന്ന പ്രകീർണനമാണ് ആകാശനീലയ്ക്ക് കാരണമെങ്കിൽ ഇലനീലിമയ്ക്ക് കാരണം ജലതന്മാത്രകളിൽ തട്ടിപ്രകാശത്തിന് സംഭവിക്കുന്ന പ്രകീർണനമായിക്കൂടെ?

ചിന്തകളിൽ മുഴികയിരിക്കുകയായിരുന്ന രമാൻ പെട്ടന്ന് ഉത്തേജിതനായി. വേഗം എഴുന്നേറ്റ് തന്റെ സഞ്ചിതുറന്ന് ഒരു പ്രിസവും ചെറുടെലിസ്കോപ്പും എടുത്തു. രാമൻ എപ്പോഴും കൊണ്ടുനടക്കുന്ന ഉപകരണങ്ങളാണിവ. ചെറിയ ചെറിയ പരീക്ഷണങ്ങളിലൂടെ രാമൻ തന്റെ നിഗമനങ്ങൾ ശരിയാണെന്നു സ്ഥാപിക്കുകയായിരുന്നു.

സെപ്റ്റംബർ 18. കപ്പൽ ആഡൻ എന്ന തുറമുഖത്തിൽ നങ്കൂരമിട്ടു. കാഴ്ചകൾ കാണുവാനായി യാത്രക്കാർ പുറത്തിറങ്ങി. രാമൻ നേരേ പോസ്റ്റോഫീസിൽ ചെന്ന് താൻ അപ്പോൾ

പൂർത്തിയാക്കിയ പ്രബന്ധം ശാസ്ത്രമാസികയായ നേച്ചറി ന്റെ വിലാസത്തിൽ പോസ്റ്റ് ചെയ്തു.

കപ്പൽ ബോംബെ തുറമുഖത്ത് എത്തിയപ്പോഴേയ്ക്കും മറ്റൊരു പ്രബന്ധം കൂടെ നേച്ചറി ന് വേണ്ടി പൂർത്തിയാക്കികഴിഞ്ഞു.

ബോംബെയിൽ നിന്ന് രാമൻ നേരെ കൽക്കത്തയിലേയ്ക്കാണ് പോയത്. തൻമാത്രകൾ പ്രകാശത്തെ പ്രകീർണ്ണനം ചെയ്യുമെന്ന് സംശയലേശമന്യേ രാമൻ തെളിച്ചു. രാമൻപ്രഭാവം എന്ന പേരിൽ അത് പിന്നീട് പ്രസിദ്ധമായി.

എന്താണ് രാമൻപ്രഭാവം?ഇതാ,അത് ഏറ്റവും ലളിതമായി ഇങ്ങനെ വിശദീകരിക്കാം.

എല്ലാ പദാർത്ഥങ്ങളും തന്മാത്രകൾ കൊണ്ട് നിർമിക്കപ്പെട്ടിരുന്നു.തന്മാത്രകൾ നിരന്തരം ചലിച്ചുകൊണ്ടിക്കുന്നു.ഒരു പദാർത്ഥത്തിൽ പ്രകാശം തട്ടുന്നു എന്നു വിചാരിക്കുക.പ്രകാശത്തന്റെ കണങ്ങളാണ്.ഫോട്ടോണുകൾ.തന്മാത്രകളിൽ പ്രകാശം തട്ടുമ്പോൾ അവ ഫോട്ടോണുകളിൽ നിന്ന് ഊർജം സ്വീകരിക്കുന്നു.അപ്പോൾ തന്മാത്രകളിൽ നിന്ന് പുറത്തുവരുന്ന

പ്രകാശകിരണങ്ങൾക്ക് ആദ്യം ഉള്ളത്ര ഊർജം ഉണ്ടായിരിക്കുകയില്ല.പ്രകാശം വസ്തുവിലേക്കു കടക്കുന്നതിനു മുമ്പ് അതിൽ എത്ര ഊർജം ഉണ്ടായിരുന്നു എന്നറിഞ്ഞാൽ എത്രമാത്രം ഊർജം തന്മാത്രകൾ പിടിച്ചെടുത്തു എന്നറിയാം. തന്മാത്രയുടെ ഘടന എപ്രകാരമുള്ളതാണ്എന്നും ഇതിൽ നിന്നും കണ്ടുപിടിക്കാം.ഇതാണ് രാമൻപ്രഭാവം.

ജലത്തിൽ പ്രകാശം കടത്തിവിട്ടാണ് രാമൻ ആദ്യത്തെ പരീക്ഷണം നടത്തിയത്.തുടർന്ന് അദ്ദേഹം ഖരങ്ങളിലും ദ്രവങ്ങളും വാതകങ്ങളിലും തന്റെ പരീക്ഷണം ആവർത്തിച്ചു.ഈ പരീക്ഷണങ്ങൾ  നടത്താൻ ഉപയോഗിച്ചത് ഒരു പ്രിസവും ഒരു സ്പെക്ട്രോസ്കോപ്പും. ആകെ ചിലവോ ഇരുനൂറു രൂപയിൽ താഴെ!



**C V RAMAN** (1888-1970)

# നന്ദി

ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

സ്റ്റുഡന്റ് എഡിറ്റർ